# തിരുഹൃദയ മാസിക
(Sacred Heart Monthly)


Vol. 83
2018 July

83
Years of
Publication



*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press
Building
K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
  ചൈതന്യ
  ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
  തൂവാനിസ പ്രോഗ്രാം
- അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
  ബൈബിൾ കമ്മീഷൻ
  വിശ്വാസപരിശീലന കമ്മീഷൻ
  കരിസ്മാറ്റിക് കമ്മീഷൻ
  ഫാമിലി കമ്മീഷൻ
- പയസ് അസോസിയേഷൻസ്
  ചെറുപുഷ്പ മിഷൻലീഗ്
  തിരുബാലസഖ്യം
  കെ.സി.വൈ.എൽ.
- കാർട്ട്
- സോഷ്യൽ ആക്ഷൻ കമ്മീഷൻ
  കെ.എസ്.എസ്.എസ്.
  മാസ്സ്
  ജി.ഡി.എസ്.
- കെ.സി.ഡബ്ല്യു.എ
- അഭി. പിതാക്കന്മാരുടെ ഡയറി
  Engagements
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- പൗരോഹിത്യ ആദ്ധ്യാത്മികത:
  സുവിശേഷ വിചിന്തനങ്ങൾ
- പൊതുവാർത്തകൾ



**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 224
Annual Retreat &
Presbyterium

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:20-06-2018

പ്രിയ ബഹു. അച്ചാ,

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം ജൂലൈ 30-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മുതൽ ഓഗസ്റ്റ് 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 വരെ തൂവാനിസയിൽ ക്രമീക രിക്കുകയാണ്. വരാപ്പുഴ അതിരൂപതയിലെ ഫാ. വിൻസന്റ് വാരിയ ത്താണ് ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത്.

അഭിവന്ദ്യ പിതാവ് നേരത്തെ അറിയിച്ചിട്ടുള്ള തുപോലെ വാർഷിക ധ്യാനത്തിൽ പങ്കെടുക്കുന്ന എല്ലാ വൈദികരും തൂവാനി സയിൽ തന്നെ മുഴുവൻ സമയവും താമസിച്ച് ധ്യാനത്തിൽ പങ്കെടു ക്കേണ്ടതാണ്. ധ്യാനത്തിന്റെ ആദ്യദിവസം മാസ്സ് അക്കൗണ്ട് ബുക്കും അധികമുള്ള കുർബ്ബാന നിയോഗവും ഏൽപ്പിക്കണം. പസ്തേന്തി 2017 ൽ പുതുക്കാത്ത വൈദികർ കഴിഞ്ഞവർഷം വാർഷിക ധ്യാനം പൂർത്തിയാക്കിയതിന്റെ കത്ത് പസ്തേന്തിയോ ടൊപ്പം സമർപ്പിക്കണം.

ധ്യാനചിലവുകൾക്കായി അഭിവന്ദ്യ പിതാവിന്റെ നിയോഗാർത്ഥം 5 കുർബ്ബാനയും പരേതരായ അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കുമായി ഒരു കുർബ്ബാനയും അർപ്പിക്കേണ്ടതാണ്. വൈദി കരുടെ മെഡിക്കൽ ഫണ്ടിലേക്ക് എല്ലാ വൈദികരും 24 കുർബ്ബാന

യർപ്പിക്കണം (ഇതിൽ 12 കുർബ്ബാന ബൈനേഷൻ ആകാവുന്നതാണ്). വിൽപത്രം തയ്യാറാക്കാത്ത വൈദികർ തയ്യാറാക്കിയതും, പുതുക്കുവാൻ ആഗ്രഹിക്കുന്നവർ പുതുക്കിയതും ധ്യാനാവസരത്തിൽ അഭിവന്ദ്യ പിതാവിനെ ഏൽപിക്കുമല്ലോ.

വാർഷിക ധ്യാനത്തെ തുടർന്ന് ഓഗസ്റ്റ് 3-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ അതിരൂപതാ പ്രസ്ബിറ്റേറിയം ചേരുന്നതാണ്. പ്രസ്ബിറ്റേറിയത്തിൽ ചർച്ചയ്ക്ക് ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ബഹു. അച്ചന്റെ നിർദ്ദേശങ്ങൾ അറിയിക്കാവുന്നതാണ്.

വാർഷിക ധ്യാനത്തിലും പ്രസ്ബിറ്റേറിയത്തിലും അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ ബഹു. വൈദികരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു. തക്കതായ കാരണങ്ങളാൽ ധ്യാനത്തിലും പ്രസ്ബിറ്റേറിയത്തിലും പങ്കെടുക്കുവാൻ സാധിക്കാത്തവർ മുൻകൂട്ടി അറിയിക്കുമല്ലോ.

വാർഷികധ്യാനവും പ്രസ്ബിറ്റേറിയവും ദൈവാനുഗ്രഹപ്രദമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**

പ്രൊ-പ്രോട്ടോസിഞ്ചലൂസ്

Circular No. 225
Meeting of the Newly Constituted Pastoral Council

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date:23-06-2018

പ്രിയ ബഹു. അച്ചാ, സിസ്റ്റർ, സുഹൃത്തെ,

1966 മെയ് 3-ാം തീയതി 85 ആ/66 -ാം സർക്കുലർ പ്രകാരം അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ആരംഭം കുറിച്ച നമ്മുടെ അതിരൂപതയിലെ പാസ്റ്ററൽ കൗൺസിൽ കേരളസഭയിൽ ആദ്യം രൂപം കൊണ്ട പാസ്റ്ററൽ കൗൺസിലുകളിൽ ഒന്നാണ്. കഴിഞ്ഞ 52 വർഷങ്ങളായി പാസ്റ്ററൽ കൗൺസിൽ അതിരൂപതയുടെ വിവിധ അജപാലന പ്രവർത്തനങ്ങളിൽ രൂപതാദ്ധ്യക്ഷന്മാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പൂർണ്ണ സഹകരണത്തോടെ പ്രവർത്തിച്ചിട്ടുണ്ട് എന്ന കാര്യം കൃതജ്ഞതയോടെ ഓർക്കുകയാണ്.

നിലവിലുള്ള പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി പൂർത്തിയാകുന്നതിനാൽ സീറോ മലബാർ സഭയുടെ പള്ളിയോഗ നടപടിക്രമവും കോട്ടയം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ നിയമാവലിയും അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട പുതിയ പാസ്റ്ററൽ കൗൺസിൽ ഇതിനാൽ അംഗീകരിക്കുന്നു. ഈ കൗൺസിലിന്റെ പ്രഥമയോഗം 2018 ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. പ്രസ്തുത യോഗത്തിലേക്ക് എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

**എക്സ് ഒഫീഷ്യോ അംഗങ്ങൾ**

പ്രോട്ടോസിഞ്ചെല്ലൂസ്

പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്

സിഞ്ചലൂസ് (മലങ്കര)

ചാൻസലർ

അതിരൂപതാ പ്രൊക്കുറേറ്റർ

ജുഡീഷ്യൽ വികാർ

ഫൊറോന വികാരിമാർ

| | | |
|---|---|---|
| സെക്രട്ടറി | - | പ്രസ്ബിറ്ററൽ കൗൺസിൽ |
| ഡയറക്ടർ | - | ചൈതന്യ പാസ്റ്ററൽ സെന്റർ |
| ഡയറക്ടർ | - | ബറുമറിയം പാസ്റ്ററൽ സെന്റർ |
| റെക്ടർ | - | അതിരൂപതാ മൈനർ സെമിനാരി |
| സുപ്പീരിയർ | - | തിരുഹൃദയദാസ സമൂഹം |
| ഡയറക്ടർ | - | മിഷനറി സൊസൈറ്റി ഓഫ് സെന്റ് പയസ് ടെൻത് |
| സുപ്പീരിയർ | - | വല്ലംബ്രോസൻ സമൂഹം |
| പ്രതിനിധി | - | പ്രസ്ബിറ്ററൽ കൗൺസിൽ |
| മദർ ജനറാൾ | - | വിസിറ്റേഷൻ കോൺഗ്രിഗേഷൻ |
| മദർ ജനറാൾ | - | സെന്റ് ജോസഫ്സ് കോൺഗ്രിഗേഷൻ |
| സുപ്പീരിയർ | - | കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് |
| സുപ്പീരിയർ | - | LDSJG കോൺഗ്രിഗേഷൻ |
| സെക്രട്ടറി | - | എഡ്യുക്കേഷണൽ ഏജൻസി ഓഫ് സ്കൂൾസ് |
| ഡയറക്ടർ | - | കാരിത്താസ് ആശുപത്രി |
| ഡയറക്ടർ | - | കാരിത്താസ് ആയുർവ്വേദ ആശുപത്രി |
| ചീഫ് എഡിറ്റർ | - | അപ്നാദേശ് |
| ഡയറക്ടർ | - | തൂവാനിസ |
| പ്രസിഡന്റ് | - | ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് |
| പ്രസിഡന്റ് | - | ക്നാനായ കാത്തലിക് വിമൺസ് അസോസിയേഷൻ |
| പ്രസിഡന്റ് | - | ക്നാനായ കാത്തലിക് യൂത്ത് ലീഗ് |
| പ്രസിഡന്റ് | - | കെ.സി.വൈ.എൽ മലബാർ റീജിയൺ |
| പ്രസിഡന്റ് | - | ലീജിയൻ ഓഫ് മേരി |

പ്രസിഡന്റ് - ഫ്രാൻസിസ്കൻ അസോസിയേഷൻ
പ്രസിഡന്റ് - സെന്റ് വിൻസന്റ് ഡി പോൾ
പ്രീസ്റ്റ് ഇൻ ചാർജ്ജ് - ഡയാസ്പറാ മിനിസ്ട്രി

**ഫോറോന പ്രതിനിധികൾ**

**ഇടയ്ക്കാട്ട്**

ടി.സി. റോയി തുരുത്തിക്കാട്ട് (എസ്.എച്ച് മൗണ്ട്)
സ്റ്റീഫൻ കെ.ജെ. കുന്നുംപുറത്ത് (ഒളശ്ശ)
ഡോ. അന്നു തോമസ് പോളക്കണ്ടത്തിൽ (കണ്ണങ്കര)
സിൻസി ജൊവാനി പാറേൽ (കത്തീഡ്രൽ)

**കടുത്തുരുത്തി**

സാബു എബ്രാഹം മുണ്ടകപ്പറമ്പിൽ(കടുത്തുരുത്തി)
ബിജോഷ് ജോസ് ഇലവുങ്കൽ (അറുന്നൂറ്റിമംഗലം)
അൽഫോൻസ ചെറിയാൻ കുരീക്കോട്ടിൽ (ഞീഴൂർ)
മേരി ജെയിംസ് ചിറവാലേൽ (മേമ്മുറി)

**ഉഴവൂർ**

എബ്രാഹം വെളിയത്ത് (അമനകര)
കെ.എം. മാത്യു കോയിത്തറ (ഉഴവൂർ)
ഏലിയാമ്മ ഫ്രാൻസിസ് കുടശ്ശേരിൽ (വെളിയന്നൂർ)
ലില്ലി ജോസഫ് പുല്ലോളിൽ (അരീക്കര)

**കൈപ്പുഴ**

തോമസ് കോട്ടൂർ (നീണ്ടൂർ)
മാത്യു ജോസഫ് കിഴക്കേപ്പുറത്ത് (ഏറ്റുമാനൂർ)
ലിസി ലൂക്കോസ് പൂഴിക്കനടയ്ക്കൽ (കൈപ്പുഴ)
മോളി ജോസ് പുന്നയ്ക്കാട്ട് (പഴയ കല്ലറ)

**കിടങ്ങൂർ**

ജെയിംസ് ജോൺ, ചിറയ്ക്കൽ (മറ്റക്കര)
സി.യു. തോമസ് ചിറ്റലക്കാട്ട് (മാറിടം)
ബിന്ദു മെജോ കാനാട്ട് (ചെറുകര)
ജെസ്സി മാത്യു നടുവേലിൽ (ചേർപ്പുങ്കൽ)

**ചുങ്കം**

തമ്പി എരുമേലിക്കര (മാറിക)
ഭായി മാത്യു കറുത്തേടത്ത് (കരിങ്കുന്നം)
ജയമോൾ മാത്യു വെള്ളാമറ്റത്തിൽ (ചുങ്കം)
ജീന എബ്രാഹം പാറടിയിൽ (വടക്കുമ്മുറി)

**പിറവം**

ജോയി ഇ.കെ. ഈന്തുംകാട്ടിൽ (പിറവം)
ജെയിംസ് ജോസഫ് കുറ്റിയാംകോണം (വെള്ളൂർ)
മേരിക്കുട്ടി ആക്കാത്തറ (മാങ്കിടപ്പള്ളി)
ഏലിയാമ്മ ലൂക്കോസ് പുതുമായിൽ (എറണാകുളം)

**പടമുഖം**

രാജു തോമസ് പൂവത്തേൽ (തടിയമ്പാട്)
ഷാജി കണ്ടച്ചാംകുന്നേൽ (തെള്ളിത്തോട്)
സജി തോമസ് മുളമറ്റത്തിൽ (കട്ടപ്പന)
ജിബി ബേബി തെങ്ങനാട്ട് (എൻ. ആർ. സിറ്റി)

**മലങ്കര**

തോമസ് തോമസ് അറയ്ക്കത്തറ (ചിങ്ങവനം)
സാബു പി ജോയി, പാറാനിക്കൽ (റാന്നി)
ത്രേസ്യാമ്മ കുരുവിള, പാലന്തറ (ഇരവിപേരൂർ)
ജീന സജി എബ്രാഹം, വടക്കേടത്ത് (കുറ്റൂർ)

**രാജപുരം**

സജി പ്ലാച്ചേരിപ്പുറം (അയിറോഡ്)
ജിജി കുര്യൻ കിഴക്കേപ്പുറത്ത് (രാജപുരം)
എൽസമ്മ കുര്യൻ കാരിക്കേൽ (കാഞ്ഞങ്ങാട്)
ജോയിസ് ജോൺ അയിലാറ്റിൽ (മാലക്കല്ല്)

**മടമ്പം**

തോമസ് എം.സി മുല്ലപ്പള്ളി (മടമ്പം)
സിബി ജോസഫ് ചക്കാലയ്ക്കൽ (കണ്ണൂർ)
പെണ്ണമ്മ ജേക്കബ്ബ് കുഴിക്കാട്ട് (പയ്യാവൂർ)
സൂസമ്മ അലക്സ് വല്ലൂർകാട്ടിൽ (മാങ്കുഴി )

**പെരിക്കല്ലൂർ**

ജോസഫ് പി.ജെ. പൈനാട്ട് (തേറ്റമല)
ചാണ്ടി കെ.സി കൊട്ടുകര (കോട്ടത്തറ)
മേഴ്സി ബെന്നി പാറടിയിൽ (പെരിക്കല്ലൂർ)
ലീലാമ്മ ജോയി ചീക്കപ്പാറയിൽ (പുളിഞ്ഞാൽ)

**ചങ്ങലേരി**

പി.കെ. തോമസ് പെരിങ്ങേലിൽ (ചുള്ളിയോട്)
ജോസ് ചുമ്മാർ, പൂഴിക്കുന്നേൽ (ചങ്ങലേരി)
മേരി മാത്യു പടവത്തിൽ (ചങ്ങലേരി)
ജയമോൾ രാജു, മുകളേൽ (ചുള്ളിയോട്)

**ബാംഗ്ലൂർ**

കെ.പി. തോമസ് കാവാട്ടുചിറ (നെല്ലിയാടി)
റോബി കെ കുഞ്ഞൂഞ്ഞ്, കിഴക്കേപ്പറമ്പിൽ (ബാംഗ്ലൂർ)
ടെസ്സി സിബി തോട്ടപ്ലാക്കിൽ (ബാംഗ്ലൂർ)
ജിറ്റി ജോസഫ് ചെമ്പന്നിയിൽ (കടബ)

**നോമിനേറ്റഡ് അംഗങ്ങൾ**

ചൈതന്യ കമ്മീഷൻ ചെയർമാന്മാർ
ഷെവ. ജോയി ജോസഫ് കൊടിയന്തറ (ഇടയ്ക്കാട്ട്)

ജസ്റ്റീസ് സിറിയക് ജോസഫ് കിഴക്കേക്കൊട്ടിൽ (കൈപ്പുഴ)
തോമസ് ചാഴികാടൻ എക്സ് എം.എൽ.എ (എസ്. എച്ച്. മൗണ്ട്)
എ.ജെ. ചാക്കോ ഇടനാട്ടുകാല (കത്തീഡ്രൽ)
അഡ്വ. അജി കോയിക്കൽ (കാരിത്താസ്)
ഡോ. സാജൻ ചാഴികാട്ട് (ചുങ്കം)
പ്രൊഫ. ടി.എം. ജോസഫ് തെക്കൻപെരുമാലിൽ (അമനകര)
രാജു ഓരിൽ (തെങ്ങേലി)
ജോണി വെട്ടത്തുകണ്ടത്തിൽ (മോനിപ്പള്ളി)
പ്രൊഫ. ബിജി ജെയിംസ് കിഴക്കേതിൽ (തിരുവനന്തപുരം)
സി.റ്റി. എബ്രാഹം ചെറുകുഴിയിൽ (ഡൽഹി)
പ്രൊഫ. ഷൈനി നടുവീട്ടിൽ (ഉഴവൂർ)
സാബു കുര്യൻ കരിശ്ശേരിക്കൽ (കാന്തളം)

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

# കൂരിയ വാർത്തകൾ

## കോട്ടയം അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗം ജൂലൈ 14 ന് ചൈതന്യയിൽ

കോട്ടയം :പുതുതായി രൂപീകരിച്ച കോട്ടയം അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ആദ്യ യോഗം ജൂലൈ 14-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അടുത്ത മൂന്ന് വർഷത്തേക്കുള്ള പുതിയ പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ 'പാസ്റ്ററൽ കൗൺസിൽ- ദർശനവും ദൗത്യങ്ങളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. 1966 മെയ് 3-ാം തീയതി അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ആരംഭം കുറിച്ച കോട്ടയം അതിരൂപതയിലെ പാസ്റ്ററൽ കൗൺസിൽ കേരളസഭയിൽ ആദ്യം രൂപം കൊണ്ട പാസ്റ്ററൽ കൗൺസിലുകളിൽ ഒന്നാണ്.

## പാരിഷ് കൗൺസിൽ ഫൊറോന പരിശീലനങ്ങൾ

അതിരൂപതയിലെ അജപാലന പ്രവർത്തനങ്ങൾ ഇടവകതലത്തിൽ കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അടുത്ത മൂന്ന് വർഷത്തേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട് അതിരൂപതാദ്ധ്യക്ഷൻ അംഗീകരിച്ച പുതിയ പാരിഷ് കൗൺസിൽ അംഗങ്ങൾക്കായി ഫൊറോന തലത്തിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. ഉച്ചകഴിഞ്ഞ് 2.30 മുതൽ 5 വരെയാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഫൊറോനയുടെയും പരിശീലനത്തിന്റെ തീയതികൾ ചുവടെ ചേർക്കുന്നു.

ജൂലൈ 8 കിടങ്ങൂർ, ജൂലൈ 15 കടുത്തുരുത്തി, ജൂലൈ 22 കൈപ്പുഴ, ജൂലൈ 29 ഉഴവൂർ, ഓഗസ്റ്റ് 5 ഇടയ്ക്കാട്, ഓഗസ്റ്റ് 12 പിറവം, ഓഗസ്റ്റ് 19 ചുങ്കം.

പടമുഖം, മലങ്കര ഫൊറോനകളുടെ പരിശീലന തീയതികൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസ്

## അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## July 2018

| Date | Programme |
|---|---|
| 1 | Margamkali Class |
| 2-4 | KSSS Grassroots Comic Training |
| 3-6 | Co-operative Bank Employees' Training |
| 4 | KSSS Animators' Meeting |
| 7 | Turmalppad Foundation Programme |
| 7 | Save the Mother Earth Green Planet - Programme |
| 14 | Pastoral Council |
| 14 | KSSS Coordinators' Meeting |
| 14 | Knanaya Menters Meet |
| 14 | Vincent de Paul Meet |
| 15 | Temperance Commission Meet |
| 15 | Thirubalasakyam Vice Directors' Meet |
| 20-21 | Knanaya Stars Camp |
| 21 | KSSS CBR CRC |
| 23-25 | KCC ME Childrens’ Camp |
| 24 | Edackat Region SHG Leaders’ Training |
| 24-26 | KCDA Leaders Training |
| 29 | KSSS CBR Neurological Medical Camp |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **ജൂലൈ** | | |
| ജൂലൈ 12-14 | വിവാഹ ഒരുക്ക സെമിനാർ | തൂവാനിസ |
| ജൂലൈ 14 | പാസ്റ്ററൽ കൗൺസിലിംഗ് | ചൈതന്യ |
| ജൂലൈ 14 | ക്നാനായ സ്റ്റാഴ്സ് മെൻ്റേസ് മീറ്റിംഗ് | ചൈതന്യ |
| ജൂലൈ 14 | വിൻസെൻ്റ് ഡി പോൾ മീറ്റിംഗ് | ചൈതന്യ |
| ജൂലൈ 15 | ടെമ്പറൻസ് കമ്മീഷൻ മീറ്റിംഗ് | ചൈതന്യ |
| ജൂലൈ 15 | തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് | |
| | മീറ്റിംഗ് | ചൈതന്യ |
| ജൂലൈ 20-21 | ക്നാനായ സ്റ്റാഴ്സ് ക്യാമ്പ് | ചൈതന്യ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **ജൂലൈ** | |
| ജൂലൈ 1-5 | ആത്മജ്ഞാനാഭിഷേക ധ്യാനം |
| ജൂലൈ 12-14 | വിവാഹ ഒരുക്ക കോഴ്സ് |
| ജൂലൈ 13-15 | നേതൃത്വപരിശീലന ക്യാമ്പ് (ബസാലേൽ) |
| ജൂലൈ 15-19 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| ജൂലൈ 22-26 | ആന്തരിക വിശുദ്ധീകരണ ധ്യാനം |
| ജൂലൈ 30 | വൈദികരുടെ വാർഷിക ധ്യാനം |

# ബൈബിൾ കമ്മീഷൻ

## കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2018

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നി ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏത് ഭാഗമാണെന്ന് വ്യക്തമായിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലിക ആവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ 6 പേജിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജിലും (പ്രിന്റ് 6 പേജ്) കവിത 60 വരി കളിലും കവിയരുത്. ഏകാങ്കം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്ന തായിരിക്കണം. കൃതി അനുകരണമോ, വിവർത്തനമോ, മുമ്പ് പ്രസി ദ്ധീകരിച്ചിട്ടുള്ളതോ, പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പി ച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായ പരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. രചനകളിൽ പേരോ, മേൽവിലാസമോ എഴുതരുത്. പേരും വിലാസവും രൂപത യുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻചെയ്തിരിക്കണം.

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖന മത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

**ഗ്രൂപ്പ് നമ്പർ 1 : അല്മായർ**

**വിഷയം:** യുവജനവർഷവും വചനപ്രേഷിതത്വവും

**ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ**

**വിഷയം:** മാറുന്ന ഭാരതവും സഭയുടെ പ്രേഷിത ദൗത്യവും

**ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ**

**വിഷയം:** സമർപ്പിത ജീവിതവും വചനാധിഷ്ഠിത ആത്മീയതയും

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ സുപ്പീരിയറി ന്റെയോ സാക്ഷ്യപത്രവും അയക്കേണ്ടതാണ്. ഇവ രണ്ടും ലഭി

ക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിന് മുമ്പ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധികരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2018 ഒക്ടോബർ 10 നാണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര | രജി. | ഒന്നാം | രണ്ടാം | മൂന്നാം |
|---|---|---|---|---|
| ഇനം | ഫീസ് | സ്ഥാനം | സ്ഥാനം | സ്ഥാനം |
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം-1 | 50 | 1500 | 1000 | 750 |
| 5. ലേഖനം - 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം - 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി. നമ്പർ 2251 പാലാരിവട്ടം, കൊച്ചി- 6862025

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ ബഹുമാനാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന വചന സർഗ പ്രതിഭാ പുരസ്കാരത്തിന് 2018 ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈ

റ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കലകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം (രണ്ടും മലയാളത്തിൽ) പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വ്യക്തികളോ, സംരംഭമോ, പ്രസ്ഥാനമോ, 2013 മുതൽ നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ സമർപ്പിക്കേണ്ടതാണ്. വിശുദ്ധ ഗ്രന്ഥത്തോട് പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമെന്യേ എല്ലാവരും അവാർഡിന് പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്.

ഓഗസ്റ്റ് 31 ന് മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി, പാലാരിവട്ടം, പി. ബി. നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ എൻട്രികൾ സമർപ്പിക്കേണ്ടതാണ്. ഫോൺ നമ്പർ: 0484-2805897

## ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഷോർട്ട് ഫിലിം മത്സരം

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ലൂമെൻ ഷോർട്ട് ഫിലിം ഫെസ്റ്റിലേക്ക് സുവിശേഷഭാഗ്യങ്ങളിലെ (മത്താ 5, 3-12) ഏതെങ്കിലും ആശയം സമകാലികമായി അവതരിപ്പിക്കുന്ന ഹ്രസ്വചിത്രങ്ങൾ ക്ഷണിക്കുന്നു. മലയാളത്തിലോ ഇംഗ്ലീഷിലോ ഉള്ള ചിത്രീകരണത്തിന് ടൈറ്റിൽസും എൻഡ്ക്രെഡിറ്റും ഉൾപ്പെടെ 5-8 മിനിറ്റ് ദൈർഘ്യമുണ്ടിയിരിക്കണം. ഇടവകകൾ, സ്ഥാപനങ്ങൾ എന്നീ രണ്ട് വിഭാഗങ്ങൾ ഉണ്ടായിരിക്കും.

പങ്കെടുക്കുന്ന വിവരം സെപ്റ്റംബർ 1 ന് മുമ്പ് അറിയിക്കുകയും ഫിലിമിന്റെ കോപ്പികൾ 2018 ഒക്ടോബർ 10 നോ അതിനുമുമ്പോ സമർപ്പിക്കുകയും വേണം. മികച്ച ഷോർട്ട് ഫിലിം സംവിധാകൻ, നടൻ, നടി എന്നിങ്ങനെ അവാർഡുകളും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 25000, 15000,

10000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്. www.keralabiblesociety.com ൽ അപേക്ഷഫോം ലഭ്യമാണ്.
കൂടുതൽ വിവരങ്ങൾക്ക്: സെക്രട്ടറി, കെ.സി.ബി.സി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പാലാരിവട്ടം. ഫോൺ:04842805897

**ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
ചെയർമാൻ

# വിശ്വാസ പരിശീലന കമ്മീഷൻ

വിദ്യാർത്ഥികൾക്കുള്ള വിശ്വാസപരിശീലനത്തിന്റെ പുസ്തകങ്ങൾ വിതരണം ചെയ്തു. സൺഡേ സ്കൂളിലെയും റഗുലർ സ്കൂളിലെയും വേദപാഠ ക്ലാസുകൾ ആരംഭിച്ചു. ക്യാറ്റിക്കിസം കമ്മീഷന്റെ (കോട്ടയം റീജിയൺ) മീറ്റിംഗ് ജൂൺ 15 ന് ചൈതന്യയിൽ കൂടി പുതിയ വർഷത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിശകലനം നടത്തുകയും മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്തു. 2017 –2018 വർഷത്തെ വിശ്വാസ പരിശീലന വാർഷികം ജൂലൈ 01, 2018 ന് തുവാനിസയിൽവച്ച് മാർ ജോസഫ് പണ്ടാരശേരിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കഴിഞ്ഞ വർഷം വിജയികളായ മികച്ച സൺഡേ സ്കൂളുകൾക്കും സ്കോളർഷിപ്പ് പരീക്ഷയിലും 10, 12 ക്ലാസ്സുകളിലും മികച്ച വിജയം കൈവരിച്ചവർക്കും അവാർഡുകൾ വിതരണം ചെയ്തു.

ജൂലൈ 01 ന് തുവാനിസയിൽ വച്ചുതന്നെ ഈ വർഷത്തെ മതാധ്യാപക സെമിനാർ സംഘടിപ്പിക്കപ്പെട്ടു. 700 ഓളം പേർ പങ്കെടുത്ത പ്രസ്തുത സെമിനാറിൽ ക്ലാസ് നയിച്ചത് പ്രശസ്ത പ്രഭാഷകൻ ബ്രമാരിയോ ജോസഫ് ആയിരുന്നു.

**ഫാ. മാത്യു കൊച്ചാദംപള്ളിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## ആത്മജ്ഞാനാഭിഷേകധ്യാനം

ഫാ. ജെയിംസ് കക്കുഴി & ടീം നയിക്കുന്ന ആത്മജ്ഞാനാഭിഷേകധ്യാനം ജൂലൈ 1-ാം തീയതി മുതൽ 5-ാം തീയതി വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം

ഫാ. ജോസഫ് വടകര, ബ്രദർ അലക്സ് & ടീം നയിക്കുന്ന ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം ജൂലൈ 15 മുതൽ 19 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## ആന്തരീക വിശുദ്ധീകരണ ധ്യാനം

ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം നയിക്കുന്ന ആന്തരീക വിശുദ്ധീകരണ ധ്യാനം ജൂലൈ 22 മുതൽ 24 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## കൗമാര ലൈംഗിക വിദ്യാഭ്യാസം

കൗമാരക്കാരിലെ ശാരീരിക-മാനസിക-സാമൂഹ്യമാറ്റങ്ങളെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും വ്യക്തമായ അവബോധം പ്ലസ് ടു വിദ്യാർത്ഥികളിൽ ഉളവാക്കുവാൻ ഉപകരിക്കുന്ന “കരുത്താർന്ന കൗമാരം” എന്ന വിഷയത്തെ ആസ്പദമാക്കി സ്പെഷ്യൽ കോഴ്സ് കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെട്ടു.

## വിവാഹ ഒരുക്ക സെമിനാർ

ജൂൺ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ജൂൺ 7 മുതൽ 9 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ വച്ച് നടത്തപ്പെട്ടു.

ജൂലൈ മാസത്തെ വിവാഹ ഒരുക്ക സെമിനാർ ജൂലൈ 12 മുതൽ 14 വരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## കുട്ടികളിലെ പഠനവൈകല്യം: സെമിനാർ സംഘടിപ്പിച്ചു

കുട്ടികളിലെ പഠനവൈകല്യം തിരിച്ചറിയാം എന്ന വിഷയത്തിൽ മാതാപിതാക്കൾ സ്കൂൾ കൗൺസിലേഴ്സ്, disability മേഖലയിൽ പഠിക്കുന്നവർ, പ്രവർത്തിക്കുന്നവർ എന്നിവർക്കായി കോട്ടയം ജീവ കൗൺസിലിംഗ് & സൈക്കോളജിക്കൽ സെന്ററിൽ വച്ച് ജൂൺ 27-ാം തീയതി സംഘടിപ്പിച്ചു.

## കൂടാരയോഗ വാർഷികവും ഇടവകദിനവും

അമനകര സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ കൂടാരയോഗ വാർഷികവും ഇടവകദിനവും നടത്തി. ഇടവകയിൽ നിന്നും മികച്ച നേട്ടങ്ങൾ കൈവരിച്ച ഡോ. റ്റി. എം ജേക്കബ് ഉൾപ്പെടെയുള്ളവരെ ജോസ് കെ. മാണി എം. പി ഉപഹാരങ്ങൾ നൽകി ആദരിച്ചു.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

# ചെറുപുഷ്പ മിഷൻലീഗ്

## പ്രവർത്തനോദ്ഘാടനം

കോട്ടയം അതിരൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും ജൂൺ 24-ാം തീയതി ഉഴവൂർ സെന്റ് സ്റ്റീഫൻസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ചെയർമാൻ

# തിരുബാല സഖ്യം

## വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

തിരുബാലസഖ്യം വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് ജൂലൈ 15-ാം തീയതി ഉച്ചകഴിഞ്ഞ് 2.15 ന് ചൈതന്യയിൽ നടത്തപ്പെടുന്നു.

**ഫാ. റോയി കാഞ്ഞിരത്തുംമൂട്ടിൽ**
ഡയറക്ടർ

# കെ. സി. വൈ.എൽ.

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നു. “നാളെയുടെ ഭൂമിക്കായി ഇന്നിന്റെ യുവത്വം” എന്ന ആശയത്തെ ആസ്പദമാക്കിയാണ് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിക്കുന്നത്. ഈ മത്സരത്തിൽ എല്ലാ യൂണിറ്റുകളും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫോട്ടോഗ്രാഫി മത്സരത്തിന്റെ നിബന്ധനകൾ**

- ഫോട്ടോയ്ക്ക് ഇഷ്ടമുള്ള തലക്കെട്ട് യൂണിറ്റിന് നിർദ്ദേശിക്കാം.
- ഓരോ യൂണിറ്റുകൾക്കും വേണ്ടിയായിരിക്കും മത്സരം
- ഇടവകദൈവാലയത്തിന്റെ പരിസരത്തായിരിക്കണം മരം നടേണ്ടത്.
- ഫോട്ടോയ്ക്ക് യാതൊരുവിധ എഡിറ്റിംഗും പാടില്ല.
- JPEG ഫോർമാറ്റിലായിരിക്കണം ഫോട്ടോ അയച്ചുതരേണ്ടത്.
- ഫോട്ടോയുടെ സോഫ്റ്റ് കോപ്പി kcylcentral@hotmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചു തരേണ്ടതാണ്.
- പ്രിന്റഡ് കോപ്പിയും വികാരിയച്ചന്റെ സാക്ഷ്യപത്രവും അയച്ചു തരേണ്ടതാണ്.
- പ്രിന്റഡ് കോപ്പി 8X6 സൈസിൽ ജൂൺ 25 തിങ്കളാഴ്ച വൈകുന്നേരം 6 മണിക്ക് മുമ്പായി അതിരൂപത ഭാരവാഹികളെ ഏൽപ്പിക്കണം.

- ✶ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.
- ✶ പരിപാടിയിൽ മാറ്റം വരുത്തുവാൻ അതിരൂപതാ സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
- ✶ ഫോട്ടോ എടുക്കുന്നത് യൂണിറ്റ് അംഗം ആയിരിക്കണം. അത് വികാരിയച്ചൻ സാക്ഷ്യപ്പെടുത്തണം.
- ✶ സമ്മാനങ്ങൾ യഥാക്രമം 5001, 3001, 2001 എന്നീ ക്രമത്തിലായിരിക്കും. കൂടാതെ 7 പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- ✶ അടുത്ത വർഷം പരിസ്ഥിതി ദിനത്തിന് ഈ മരത്തോടൊപ്പമുള്ള ചിത്രമായിരിക്കും പരിഗണിക്കുക. അതിനാൽ യൂണിറ്റ് അംഗങ്ങൾ മരം പരിപാലിക്കാൻ ശ്രമിക്കുമല്ലോ.

## യുവജനദിനാഘോഷം ജൂലൈ 15

2018 പ്രവർത്തന വർഷത്തെ യുവജനദിനാഘോഷം ജൂലൈ മാസം 15-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ സെന്റ് റോക്കീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന പുരാതനപ്പാട്ട് മത്സരത്തിൽ പൊതുസമ്മേളനത്തിലും എല്ലാ യുണിറ്റുകളും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. യൂണിറ്റ് തലത്തിലുള്ള യുവജനദിനാഘോഷം ജൂലൈ 8 ഞായറാഴ്ച ഇടവക തലത്തിൽ നടത്തേണ്ടതാണ്. പുരാതനപ്പാട്ട് മത്സര നിബന്ധനകൾ ചുവടെ ചേർക്കുന്നു.

**നിബന്ധനകൾ**

1. യൂണിറ്റിൽ നിന്നും ഒരു ടീമിനു മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.
2. ഒരു ടീമിന് പരമാവധി 9 അംഗങ്ങളും കുറഞ്ഞത് 6 അംഗങ്ങളും ഉണ്ടായിരിക്കണം.
3. ഓരോ ടീമിലും പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും സാന്നിദ്ധ്യം നിർബന്ധമാണ്.
4. പാട്ടുകളുടെ എണ്ണം, വൈവിധ്യം, താളം, സ്വരചേർച്ച, വേഷവിധാനം ഇവ പരിഗണിക്കുന്നതാണ്.

5. മൽസര സമയം 7 മിനിറ്റ് ആയിരിക്കും. 6-ാം മിനിറ്റിൽ വാണിംഗ് ബെൽ നൽകുന്നതാണ്.
6. നോക്കിപാടുന്നത് അനുവദിക്കുന്നല്ല.
7. ജഡ്ജിന്റെ തീരുമാനം അന്തിമമായിരിക്കും.
8. പരിപാടിയിൽ മാറ്റം വരുത്താൻ അതിരൂപത സമിതിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
9. പങ്കെടുക്കുന്ന അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോയും വികാരിയച്ചന്റെ സാക്ഷ്യപത്രവും കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്നവർ 15 നും 30 നും ഇടയ്ക്ക് പ്രായമുള്ള കെ.സി.വൈ.എൽ അംഗങ്ങളായിരിക്കണം.

## അർദ്ധവാർഷിക റിപ്പോർട്ട്

2018-19 പ്രവർത്തന വർഷത്തെ ആദ്യ അർദ്ധവാർഷിക റിപ്പോർട്ട് എല്ലാ യൂണിറ്റുകളും ജൂലൈ 30-ാം തീയതിയ്ക്ക് മുമ്പായി അതിരൂപതാ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

**റ്റിജിൻ ചേന്നാത്ത്**
സെക്രട്ടറി

# കാർട്ട്

## ക്നാനായ സ്റ്റാർസ് പദ്ധതിയിലേക്ക് 52 പുതിയ അംഗങ്ങൾ

ക്നാനായ സമുദായത്തിലെ പ്രതിഭാശാലികളായ കുട്ടികളെ ഹൈസ്കൂൾ പ്രവേശനാവസരത്തിൽതന്നെ കണ്ടെത്തി മൂല്യാധിഷ്ഠിത ജീവിത മാർഗ്ഗനിർദ്ദേശങ്ങളും ഉന്നതവിദ്യാഭ്യാസം നേടിയെടുക്കാനാവശ്യമായ പരിശീലനങ്ങളും തുടർച്ചയായി നൽകി ഉന്നത നിലവാരത്തിലേക്ക് കൈ പിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ അപ്നാദേശിന്റെ സഹകരണത്തോടെ അതിരൂപത നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് പദ്ധതിയിലെ പത്താമത്തെ ബാച്ചിൽ ഉൾപ്പെടുത്തുന്നതിനായി സംഘടിപ്പിച്ച സെലക്ഷൻ ക്യാമ്പിൽ നിന്ന് 52 കുട്ടികളെ പത്താം ബാച്ചിലേക്ക് തെരഞ്ഞെടുത്തു. വിവിധ ഇടവ

കകളിൽ നിന്നായി ലഭിച്ച അപേക്ഷകളിൽ നിന്നും ഫൊറോന സെല ക്ഷൻ ക്യാമ്പിൽ പങ്കെടുത്ത 118 കുട്ടികളിൽ നിന്നാണ് 52 പേരെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് നടത്തി പദ്ധതിയിലേക്ക് തെരഞ്ഞെടുത്തത്. പുതിയ ബാച്ചിനുള്ള ആദ്യപരിശീലനം ജൂലൈ 20-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 21-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന രീതിയിൽ ചൈതന്യയിൽ ക്രമീകരിക്കും.

## ക്നാനായ സ്റ്റാർസ് മെന്റേഴ്സ് യോഗം സംഘടിപ്പിക്കുന്നു.

കോട്ടയം അതിരൂപതയുടെ നേതൃത്വത്തിൽ രൂപം നൽകിയ ക്നാനായ അക്കാദമി ഫോർ റിസേർച്ച് & ട്രെയിനിംഗി (KART) ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് ഡെവല പ്പ്മെന്റ് പ്രോഗ്രാമിലെ വളർന്നുവരുന്ന പ്രതിഭകൾക്ക് നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിനായി രൂപം നൽകിയിരിക്കുന്ന മെന്റേഴ്സ് ടീമിന്റെ അടുത്ത യോഗം ജൂലൈ 14 ന് വൈകുന്നേരം 4 മണി മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. മെന്റേഴ്സിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അനുഭ വങ്ങൾ പങ്കുവയ്ക്കുന്നതിനും പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനുമായാണ് യോഗം സംഘടിപ്പിച്ചിരിക്കുന്നത്.

**ഡോ. മേഴ്സി ജോൺ**
ക്നാനായ സ്റ്റാർസ് പ്രോഗ്രാം കോർഡിനേറ്റർ

**ഫാ. സിറിയക് ഓട്ടപ്പള്ളിൽ**
ഫെസിലിറ്റേറ്റർ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം

5,6,7 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തന ഗ്രാമങ്ങളിൽ രൂപം നൽകിയിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളുടെ 2018-2019 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനോത്സവം ജൂലൈ മാസത്തിൽ നടത്തപ്പെടും. ജൂലൈ 30 വരെ സ്മാർട്ട് ഗ്രൂപ്പുകളിൽ അംഗങ്ങളാകുവാൻ അവസരം ഉണ്ടായിരിക്കും.

### സംഘശാക്തീകരണവും ഗ്രൂപ് ഭാരവാഹി സംഗമവും ഇടയ്ക്കാട്ട് മേഖലയിൽ

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 5 ജില്ലകളിലായി രൂപം നൽകിയിരിക്കുന്ന വിവിധ വിഭാഗങ്ങൾക്കായുള്ള സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മേഖലാ അടിസ്ഥാനത്തിൽ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചിരിക്കുന്നത്. ഇടയ്ക്കാട് മേഖല ഭാരവാഹി സംഗമം ജൂലൈ 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 3 വരെ ചൈതന്യയിൽ നടത്തപ്പെടും. സംഗമത്തിന്റെ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി എം.എം മണി നിർവ്വഹിക്കും.

### കർഷകദിനാചരണം ആഗസ്റ്റ് 17 ന്

കർഷകദിനമായ ചിങ്ങം 1-ാം തീയതി (ആഗസ്റ്റ് 17) വിപുലമായ പരിപാടികളോടെ കെ.എസ്.എസ്.എസ് കർഷക ദിനാചരണം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 17 വെള്ളി രാവിലെ 10.30 മുതൽ ചൈതന്യയിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. ദിനാചരണത്തോടനു

ബന്ധിച്ച് കർഷകർക്ക് നൂതന ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് അവബോധം നൽകുന്ന സെമിനാർ, വിവിധ മത്സരങ്ങൾ, പൊതു സമ്മേളനം എന്നിവ നടത്തപ്പെടും.

## സൗഹൃദവേദി കൈപ്പുഴ മേഖല സംഗമം ജൂലൈ മാസത്തിൽ

സ്വാശ്രയസംഘങ്ങളിലൂടെ സമഗ്ര വികസനം എന്ന ലക്ഷ്യം മുൻ നിർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തന ഗ്രാമങ്ങളിൽ രൂപീകൃതമായിരിക്കുന്ന പുരുഷസ്വാശ്രയസംഘങ്ങളുടെ മേഖലാ സംഗമങ്ങൾ സംഘടിപ്പിക്കുന്നു. കൈപ്പുഴ മേഖലാ പുരുഷ സ്വാശ്രയസംഗമം ജൂലൈ മാസത്തിൽ കല്ലറ പുത്തൻ പള്ളി പാരിഷ് ഹാളിൽ നടത്തപ്പെടും. സംഗമത്തോടനുബന്ധിച്ച് സെമിനാർ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

## സ്കൂൾ ഹെർബൽ ഗാർഡൻ പദ്ധതിയുമായി കെ.എസ്.എസ്.എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പരിസ്ഥിതി ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് സ്കൂൾ ഹെർബൽ ഹാർഡൻ പദ്ധതി നടപ്പിലാക്കുന്നു. കോട്ടയം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 12 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ലിച്ചി, ദേവദാരു, തിപ്പലി, കുന്തിരിക്കം, അശോക ചെത്തി, ചിറ്റാമൃത്, മുതിൽ, ആനച്ചുവരി, ആഫ്രിക്കൻ മല്ലി, ആടലോടകം, ചെമ്പരത്തി, രക്ത ചന്ദനം, ആര്യവേപ്പ് എന്നീ ഇനം ഔഷധ സസ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഔഷധ ഉദ്യാനം ക്രമീകരിക്കുന്നത്. പദ്ധതി ജൂലൈ മാസത്തിൽ ആരംഭിക്കും.

## ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുടെ ഉദ്ഘാടനം ജൂലൈ മാസത്തിൽ

ഗ്രാമീണ യുവജനങ്ങൾക്ക് ശാസ്ത്രീയ തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിൽ അവസരവും ഉറപ്പാക്കി കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ്

സൊസൈറ്റി നടപ്പിലാക്കുന്ന ദിൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDU-GKY) പദ്ധതിയുടെ ഉദ്ഘാടനം ജൂലൈ മാസത്തിൽ നടത്തപ്പെടും. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ സെന്ററിലാണ് പദ്ധതിയുടെ ഉദ്ഘാടനം നടത്തപ്പെടുക. സെയിൽസ് പേഴ്സൺ (റീട്ടെയിൽ), അക്കൗണ്ട്സ് അസിസ്റ്റന്റ് എന്നീ കോഴ്സുകളാണ് ആദ്യ ഘട്ടത്തിൽ ആരംഭിച്ചിരിക്കുന്നത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ഗ്രാമീണ മേഖലയിലെ നിർദ്ധന യുവതി യുവാക്കൾക്ക് സൗജന്യ പരിശീലനവും തൊഴിലും പദ്ധതിയുടെ ഭാഗമായി ഉറപ്പുവരുത്തുന്നു. ചേർപ്പുങ്കൽ ഗുഡ് സമരിറ്റൻ റിസോഴ്സ് സെന്ററിലാണ് പരിശീലനങ്ങൾ ആരംഭിച്ചിരിക്കുന്നത്. മൂന്നുമാസം ദൈർഘ്യമുള്ള കോഴ്സുകൾ തികച്ചും സൗജന്യമായിരിക്കും. വിദഗ്ദ്ധ അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി സർട്ടിഫിക്കറ്റും നൽകും.

## ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തിവരുന്ന ന്യൂറോളജിക്കൽ മെഡിക്കൽ ക്യാമ്പ് ജൂലൈ 29-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കും. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകും. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, കൗൺസിലിംഗ് എന്നീ സേവനങ്ങൾ ക്യാമ്പിനോടനുബന്ധിച്ച് ക്രമീകരിച്ചിട്ടുണ്ട്.

## സംസ്ഥാനതല കോമിക് ട്രെയിനിംഗ് സംഘടിപ്പിക്കുന്നു.

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ളവർക്കായി നടപ്പിലാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി ചായി-എൽ.എഫുമായി സഹകരിച്ച് കോമിക് ട്രെയിനിംഗ് സംഘടിപ്പിക്കുന്നു. ജൂലൈ 2 മുതൽ 4 വരെ തീയതികളിൽ ചൈതന്യയിലാണ് ട്രെയിനിംഗ് സംഘടിപ്പിക്കുന്നത്. ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളെക്കുറിച്ച് സാമൂഹിക ബോധവൽക്കരണമാണ് ട്രെയിനിംഗിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

## കർക്കിടക കഞ്ഞികിറ്റ്

പഴമക്കാർ ഏറെ ഉപയോഗിച്ചുകൊണ്ടിരുന്നതും ഇന്നത്തെ തലമുറയ്ക്ക് സുപരിചിതമല്ലാത്തതുമായ കർക്കിടക കഞ്ഞിക്കിറ്റ് സ്വാശ്രയ സംഘാംഗങ്ങൾക്കായി മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. വർഷംതോറും ഔഷധയുക്തമായ കർക്കിടക കഞ്ഞിക്കൂട്ട് ഉപയോഗിക്കുന്നത് ദഹനശക്തി നിലനിർത്തുന്നതിനും രോഗപ്രതിരോധ ശേഷി വർദ്ധിപ്പിച്ച് ശരീരത്തിന് ബലം പ്രദാനം ചെയ്യുന്നതിനും സാംക്രമിക രോഗങ്ങളിൽ നിന്നുള്ള മുക്തി ലഭിക്കുന്നതിനും സഹായകമാകുന്നു. 7 ദിവസത്തെ ഉപയോഗത്തിനായുള്ള കാരിത്താസ് ആയുർവേദ ആശുപത്രിയിൽ തയ്യാറാക്കിയ കർക്കിടക കഞ്ഞിക്കിറ്റ് സംഘാംഗങ്ങൾക്ക് 195 രൂപ നിരക്കിലാണ് ലഭ്യമാക്കുന്നത്.

## കൈപ്പുഴ മേഖല സംഘശാക്തീകരണവും ഗ്രൂപ്പ് ഭാരവാഹി സംഗമവും ജൂലൈ മാസത്തിൽ

സ്വാശ്രയ സംഘാംഗങ്ങളുടെ ശാക്തീകരണം മുൻനിർത്തി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി മേഖലാതലത്തിൽ സ്വാശ്രയസംഘ ഭാരവാഹി സംഗമങ്ങൾ സംഘടിപ്പിക്കുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മ നിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിക്കുന്നത്. കൈപ്പുഴ മേഖല ഭാരവാഹി സംഗമം ജൂലൈ മാസത്തിൽ നടത്തപ്പെടും.

## മഴക്കാല രോഗ പ്രതിരോധയജ്ഞവും മഴവെള്ള സംഭരണ സാക്ഷരത ക്യാമ്പെയിനും

മഴക്കാലത്തോടനുബന്ധിച്ച് ഉണ്ടാകുന്ന വിവിധങ്ങളായ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ലഭ്യമാകുന്ന മഴവെള്ളത്തെ ഫലപ്രദമായി ഭൂമിയിലേക്ക് ഇറക്കി ഭൂഗർഭ ജലവിതാനം ഉയർത്തി ജലദൗർലഭ്യതയ്ക്ക് പരിഹാരം കാണുന്നതിനുമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മഴക്കാല

രോഗ പ്രതിരോധ യജ്ഞവും മഴവെള്ള സംഭരണ സാക്ഷരത ക്യാമ്പെയിനും സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസ് സ്റ്റാഫ് അംഗങ്ങളിലൂടെ സ്വാശ്രയസംഘാംഗങ്ങളിലും പൊതുസമൂഹ ത്തിലും മഴക്കാലരോഗങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കു റിച്ചും മഴവെള്ള സംഭരണത്തെക്കുറിച്ചും അവബോധം വളർത്തി യെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ക്യാമ്പിന്റെ കേന്ദ്രതല ഉദ്ഘാടനം ജൂലൈ മാസത്തിൽ ചൈതന്യയിൽ നടത്ത പ്പെടും. ക്യാമ്പെയിനോടനുബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കും.

## കുടകൾ ലഭ്യമാക്കുന്നു

മഴക്കാലത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘാംഗങ്ങൾക്കായി കുടകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ത്രീ ഫോൾഡ് കുട കൾ, കാലൻ കുടകൾ എന്നിവയാണ് ലഭ്യമാക്കുന്നത്.

## സ്വയം തൊഴിൽ പരിശീലനങ്ങൾ ജൂലൈ മാസത്തിൽ

## പച്ചമരുന്ന് നിർമ്മാണ പരിശീലനം

വിവിധങ്ങളായ തൊഴിൽ സംരംഭക സാധ്യതകളോടൊപ്പം ആരോ ഗ്യസംരക്ഷണത്തിനുതകുന്ന ഉപാധികളും സ്വാശ്രയ സംഘാംഗങ്ങ ളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പച്ചമരുന്നുകളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. വേദനാസംഹാരി, മുറി വെണ്ണ, ഒരഗുളിക, സിറപ്പ്, പൽപ്പൊടി തുടങ്ങിയവയുടെ നിർമ്മാണ ത്തിലാണ് പരിശീലനം നൽകുന്നത്.

## തയ്യൽ പരിശീലനം

നൂതന തൊഴിൽ സംരംഭക സാധ്യതകൾ സ്വാശ്രയ സംഘാംഗ ങ്ങൾക്ക് തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെ തയ്യൽ പരിശീ ലനം സംഘടിപ്പിക്കുന്നു. ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളാണ് പരിശീലനത്തിൽ ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ കുട്ടികൾക്കായി പ്രത്യേക തയ്യൽ പരിശീലനവും ക്രമീകരിച്ചിട്ടുണ്ട്.

## ബദൽ ജീവിത ശൈലി ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

ബദൽ ജീവിത ശൈലി ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പ്രസ്തുത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് ബദൽ ജീവിത ശൈലി ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു.

## കുട നിർമ്മാണ പരിശീലനം

മഴക്കാലത്തിനോടനുബന്ധിച്ച് കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ കുട നിർമ്മാണത്തിൽ പരിശീലനവും കുട കിറ്റുകളും ലഭ്യമാക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് മിതമായ നിരക്കിൽ കുട കിറ്റുകൾ ലഭ്യമാക്കുന്നതാണ്. ജൂലൈ മാസത്തിൽ ചൈതന്യയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്.  കൂടുതൽ വിശദാംശങ്ങൾക്കും രജിസ്ട്രേഷനുമായി 9961033317 എന്ന നമ്പരിൽ ബന്ധപ്പെടുക.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## സ്വാശ്രയ നേതൃസംഗമം മലങ്കര മേഖലയിൽ സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാശ്രയസംഘങ്ങളുടെ ശാക്തീകരണം മുൻനിർത്തി മലങ്കര മേഖലയിലെ സ്വാശ്രയസംഘ  ഭാരവാഹി സംഗമം സംഘടിപ്പിച്ചു. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചലനാത്മകതയും സജീവതയും ഉറപ്പുവരുത്തുന്നതോടൊപ്പം കൂടുതൽ കർമ്മനിരതമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുമായാണ് ഭാരവാഹി സംഗമം സംഘടിപ്പിച്ചത്. സംഗമത്തിന്റെ ഉദ്ഘാടനം ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് നിർവ്വഹിച്ചു. കോട്ടയം അതിരൂപത മലങ്കര റീജിയൺ വികാരി ജനറാൾ റവ. ഫാ. തോമസ് കൈതാരം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, മുനിസിപ്പൽ കൗൺസിലർ അഡ്വ. ടിനോ കെ. തോമസ്, കെ.എസ്.എസ്.എസ് വനിതാ സ്വാശ്രയസംഘ ഫെഡറേ

ഷൻ പ്രസിഡന്റ് രമണി ബേബി, കോർഡിനേറ്റർ ആനി തോമസ് എന്നിവർ പ്രസംഗിച്ചു. സംഗമത്തിന്റെ ഭാഗമായി 'സ്വാശ്രയത്വത്തിലൂടെ നേതൃത്വത്തിലേയ്ക്ക്' എന്ന വിഷയത്തിൽ നടത്തപ്പെട്ട സെമിനാറിന് കോട്ടയം ബി.സി.എം കോളേജ് റിട്ട. പ്രൊഫസർ സെലിനാമ്മ ജോസഫ് നേതൃത്വം നൽകി. 200 റോളം പേർ പങ്കെടുത്തു.

## ന്യൂനപക്ഷ വനിതകൾക്കായി 'നയി റോഷ്നി' ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു

ന്യൂനപക്ഷ വനിതകളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ സഹകരണത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി നയി റോഷ്നി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിന്റെ സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ നിർവ്വഹിച്ചു. ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, പ്രോഗ്രാം കോർഡിനേറ്റർ ഹണി സെബാസ്റ്റ്യൻ, ലിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. സമാപനത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് വർഗ്ഗീസ് പോൾ നേതൃത്വം നൽകി. 6 ദിവസം നീണ്ടുനിന്ന പരിശീലനത്തോടനുബന്ധിച്ച് നേതൃത്വപാടവം, വിദ്യാഭ്യാസ ഉന്നമനം, വ്യക്തിശുചിത്വം, സ്വച്ഛ് ഭാരത്, സാമ്പത്തിക സാക്ഷരത, ജീവിത നൈപുണ്യങ്ങൾ, നിയമാവകാശം, കമ്പ്യൂട്ടർ സാക്ഷരത തുടങ്ങിയ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തപ്പെട്ടു. പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ 170 ന്യൂനപക്ഷ വനിതകൾക്കാണ് പരിശീലനം ലഭ്യമാക്കിയത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സ്റ്റൈഫന്റും ലഭ്യമാക്കി. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ ഉന്നമനവും മുഖ്യധാരാവത്ക്കരണവും ലക്ഷ്യമിട്ടാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കെ.എസ്.എസ്.എസുമായി സഹകരിച്ച് നയി റോഷ്നി പദ്ധതി നടപ്പിലാക്കിയത്.

# പ്രകൃതിസംരക്ഷണ സന്ദേശവുമായി കെ.എസ്.എസ്.എസ് പരിസ്ഥിതി ദിനാചരണം

ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രകൃതി സംരക്ഷണ സന്ദേശം പകർന്നുകൊണ്ട് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സഖറിയാസ് കുതിരവേലിൽ നിർവ്വഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മേരി സെബാസ്റ്റ്യൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ ബിനു, ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാൻ ജോയി മന്നാമല, കോട്ടയം അഗ്രിക്കൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ റ്റിസമ്മ തോമസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, കെ.എസ്.എസ്.എസ് പുരുഷ സ്വാശ്രയസംഘ ഫെഡറേഷൻ പ്രസിഡന്റ് ജോൺ മാവേലിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്വാശ്രയസംഘങ്ങളിൽ പങ്കാളികളായി മാതൃകാ പരിസ്ഥിതി പ്രവർത്തനം നടത്തിവരുന്ന വ്യക്തികളെ ആദരിച്ചു. കൂടാതെ പേപ്പർ ക്യാരി ബാഗിൽ വൃക്ഷതൈകളേന്തി പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞയും നടത്തപ്പെട്ടു. ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചക്കവെട്ടിയൊരുക്കൽ മത്സരത്തിൽ കൈപ്പുഴ മേഖലയിലെ വിജി-മിനി ദമ്പതികൾ ഒന്നാം സ്ഥാനവും ഉഴവൂർ മേഖലയിലെ മാത്യു -ബിന്ദു ദമ്പതികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ദിനാചരണത്തിന്റെ ഭാഗമായി പ്രകൃതി സംരക്ഷണം ഇന്നിന്റെ ചുറ്റുപാടിൽ എന്ന വിഷയത്തിൽ റിട്ട. അഗ്രികൾച്ചർ ജോ. ഡയറക്ടർ കെ.ജെ ഗീത സെമിനാർ നയിച്ചു. കൂടാതെ വൃക്ഷത്തൈ വിതരണവും ക്രമീകരിച്ചിരുന്നു. കെ.എസ്.എസ്.എസ് സ്വാശ്രയസംഘാംഗങ്ങളായ അഞ്ഞൂറോളം പേർ ദിനാചരണത്തിൽ പങ്കെടുത്തു.

## മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കി

ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുട്ടക്കോഴിയും ഹൈടെക് കൂടും ലഭ്യമാക്കി. പദ്ധതിയുടെ ഭാഗമായി ബിവി 380 ഇനത്തിൽപ്പെട്ട അമ്പത് ദിവസം പ്രായമുള്ള 25 കോഴികളും അമ്പത് കിലോഗ്രാം കോഴിത്തീറ്റയും മരുന്നും ഹൈടെക് കൂടുമാണ് ലഭ്യമാക്കിയത്. കിടങ്ങൂർ, ഇടയ്ക്കാട്, മലങ്കര, കൈപ്പുഴ, ഉഴവൂർ എന്നീ മേഖലകളിലെ വിവിധ ഗ്രാമങ്ങളിലായി 80 യൂണിറ്റുകളാണ് വിതരണം ചെയ്തത്. സബ്സിഡിയോടുകൂടിയാണ് കെ.എസ്.എസ്.എസ് യൂണിറ്റുകൾ ലഭ്യമാക്കിയത്. പദ്ധതിയുടെ വിതരണോദ്ഘാടനം കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ നിർവ്വഹിച്ചു. കോർഡിനേറ്റേഴ്സ്, അനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## പിതൃദിനാചരണം സംഘടിപ്പിച്ചു

ജൂൺ 17 പിതൃദിനത്തിന് മുന്നോടിയായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പിതൃദിനാചരണം സംഘടിപ്പിച്ചു. തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി സ്കൂൾ ഹാളിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം റിട്ട. പോലീസ് ഓഫീസറും സാമൂഹ്യപ്രവർത്തകനുമായ ബിജിമോൻ കണ്ടത്തിൽ നിർവ്വഹിച്ചു. ചുങ്കം സെന്റ് മേരീസ് ഫൊറോനാ ചർച്ച് വികാരി റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ മുഖ്യ പ്രഭാഷണം നടത്തി. കരിങ്കുന്നം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് എം. ഉലഹന്നാൻ, ക്നാനായ കാത്തലിക് യൂത്ത് ലീഗ് പ്രതിനിധി മരിയ മാത്യു, കെ.എസ്.എസ്.എസ് പുരുഷസ്വാശ്രയ സംഘം മേഖല പ്രസിഡന്റ് റോയി ജേക്കബ്, ജോയി ഇറപുറത്ത്, ജോസ് അറയ്ക്കൽ, ലിസി ചാക്കോ, ലീന ബിനു, ബിസി ചാക്കോ എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് 'പിതൃത്വത്തിന്റെ മഹനീയത' എന്ന വിഷയത്തിൽ കരിങ്കുന്നം സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ നിമ്മിച്ചൻ ജേക്കബ് സെ

മിനാർ നയിച്ചു. കൂടാതെ എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിമുക്തിയുടെ സന്ദേശം പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകവും, പിതാക്കന്മാരെ ആദരിക്കലും നടത്തപ്പെട്ടു. കരുതലും കാവലുമാകുന്ന പിതാവിനോടുള്ള ആദരവും സ്നേഹവും തിരികെ നൽകുവാൻ സമൂഹത്തെ ഉത്ബോധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് ചുങ്കം മേഖലയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദിനാചരണത്തിൽ നൂറോളം പേർ പങ്കെടുത്തു.

## സൗഹൃദവേദി സംഗമം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൗഹൃദവേദി സംഗമം സംഘടിപ്പിച്ചു. ഉഴവൂർ സെന്റ് സ്റ്റീഫൻസ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച സംഗമത്തിന്റെ ഉദ്ഘാടനം അഡ്വ. മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോനാ ചർച്ച് വികാരി റവ. ഫാ. തോമസ് പ്രാലേൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ മുഖ്യപ്രഭാഷണം നടത്തി. ഉഴവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷേർളി രാജു, ഫാമിലി കൗൺസിലർ ഗ്രേസ് ലാൽ, റിട്ട. ഹെഡ് മാസ്റ്റർ എം.എസ് ഗിരീശൻ നായർ, കെ.എസ്.എസ്.എസ് സൗഹൃദവേദി ഉഴവൂർ യൂണിറ്റ് പ്രസിഡന്റ് രാജൻ പി.ആർ, കോർഡിനേറ്റർ മേരി ഫിലിപ്പ് അനിമേറ്റർമാരായ ഷേർളി സ്റ്റീഫൻ, റാണി ടോമി എന്നിവർ പ്രസംഗിച്ചു. സംഗമത്തോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് ഗ്രേസ് ലാൽ നേതൃത്വം നൽകി. കർഷക കൂട്ടായ്മയിലൂടെ കാർഷിക മേഖലയ്ക്ക് കരുത്ത് പകരുക എന്ന ലക്ഷ്യത്തോടെ കെ.എസ്.എസ്.എസ് ഉഴവൂർ മേഖലയിൽ പ്രവർത്തിക്കുന്ന സൗഹൃദവേദി യൂണിറ്റുകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

## ലഹരി വിമുക്തി ബോധവൽക്കരണ തെരുവ് നാടകവുമായി കെ.എസ്.എസ്.എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇടുക്കി ജില്ല, എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിമുക്തിയുടെ സന്ദേശം

പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകം സംഘടിപ്പിച്ചു. 'കാലിടറാതെ കാവലാളാകാം' എന്ന പേരിൽ തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി സ്കൂൾ ഹാളിലാണ് തെരുവ് നാടകം സംഘടിപ്പിച്ചത്. ചുങ്കം സെന്റ് മേരീസ് ഫൊറോനാ ചർച്ച് വികാരി റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോർഡിനേറ്റർ ലിസി ചാക്കോ, അനിമേറ്റർമാരായ ലീന ബിനു, ബിസി ചാക്കോ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച തെരുവ് നാടകം കാണുന്നതിനായി കെ.എസ്.എസ്.എസ് ചുങ്കം മേഖലയിലെ നൂറോളം സ്വാശ്രയസംഘാംഗങ്ങൾ സന്നിഹിതരായിരുന്നു.

## ലഹരി വിമുക്തി ബോധവൽക്കരണ തെരുവ് നാടകവുമായി കെ. എസ്. എസ്. എസ്

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഇടുക്കി ജില്ല, എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിമുക്തിയുടെ സന്ദേശം പകർന്ന് നൽകുന്ന ബോധവൽക്കരണ തെരുവ് നാടകം സംഘടിപ്പിച്ചു. 'കാലിടറാതെ കാവലാളാകാം' എന്ന പേരിൽ തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി സ്കൂൾ ഹാളിലാണ് തെരുവ് നാടകം സംഘടിപ്പിച്ചത്. ചുങ്കം സെന്റ് മേരീസ് ഫൊറോനാ ചർച്ച് വികാരി റവ. ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കോർഡിനേറ്റർ ലിസി ചാക്കോ, അനിമേറ്റർമാരായ ലീന ബിനു, ബിസി ചാക്കോ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ അവബോധം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച തെരുവ് നാടകം കാണുന്നതിനായി കെ.എസ്.എസ്.എസ് ചുങ്കം മേഖലയിലെ നൂറോളം സ്വാശ്രയസംഘാംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ലോക പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മാസ്സ്) ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി രാജപുരം മേഖലയിൽ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിച്ചു. രാജപുരം ഹോളിഫാമിലി പാരീഷ് ഹാളിൽ വച്ചു നടന്ന പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജൻ പി. നിർവ്വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടി മുഖ്യ പ്രഭാഷണവും നടത്തി. വാർഡ് മെമ്പർ ശ്രീ. സൈമൺ മണ്ണൂർ ആശംസ അർപ്പിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിബിൻ കണ്ടോത്ത് സ്വാഗതവും ആനിമേറ്റർ ശ്രീമതി ഷൈനി ജോൺ നന്ദിയും പറഞ്ഞു.

പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി നടന്ന വൃക്ഷത്തൈവിതരണ ഉദ്ഘാടനം രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടിൽ കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ ജോസഫിനു നൽകികൊണ്ട് നിർവ്വഹിച്ചു. മാസ്സ് പ്രോജക്ട് കോർഡിനേറ്റർ സി. സ്നേഹ എസ്. ജെ. സി. പരിസ്ഥിതിദിന പ്രതിജ്ഞ ചൊല്ലികൊടുത്തു. മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ജോസഫ്, ആനിമേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. രാജപുരം ഫൊറോനയിലെ വിവിധ സ്വാശ്രയസംഘങ്ങളിൽ നിന്നായി മുന്നോറോളം പേർ പങ്കെടുത്തു.

## നേതൃത്വ സംഗമം സംഘടിപ്പിച്ചു

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി (മാസ്സ്) രാജപുരം മേഖലയിൽ നേതൃത്വ സംഗമം സംഘടിപ്പിച്ചു.രാജപുരം ഹോളിഫാമിലി പാരീഷ് ഹാളിൽ വച്ചു നടന്ന പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജൻ. പി. നിർവ്വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ ജോസഫ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടി മുഖ്യ പ്രഭാഷണവും നടത്തി. വാർഡ് മെമ്പർ ശ്രീ. സൈമൺ മണ്ണൂർ ആശംസ അർപ്പിച്ചു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിബിൻ കണ്ടോത്ത് നേതൃത്വ പരിശീലന ക്ലാസ്സ് നയിച്ചു.

മാസ്സ് പ്രോജക്ട് കോർഡിനേറ്റർ സി. സ്നേഹ എസ്. ജെ. സി, മേഖല കോർഡിനേറ്റർ ശ്രീമതി ആൻസി ജോസഫ്, ആനിമേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. രാജപുരം ഫൊറോനയിലെ വിവിധ സ്വാശ്രയസംഘങ്ങളിൽ നിന്നായി മുന്നോറോളം പേർ പങ്കെടുത്തു

## ജൈവകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി മാസ്സ് ജൈവവളം വിതരണം ചെയ്തു

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി വാതിൽമട കോളനിയിൽ ജൈവവള വിതരണോദ്ഘാടനം മലബാർ സോഷ്യൽ സർവ്വിസ് സൊസൈറ്റി സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് നിർവ്വഹിച്ചു. ജൈവകൃഷി നാടിന് ആവശ്യമാണെന്നും മനുഷ്യൻ ഇന്ന് നേരിടുന്ന പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണം, കൃഷിയിൽ നാം അനുവർത്തിക്കുന്ന മാരകമായ കീടനാശിനികളുടെയും, രാസവളത്തിന്റെയും അമിതമായ ഉപയോഗമാണെന്നും, മാസ്സ് ലക്ഷ്യമിടുന്നത് ഒരു ജൈവകൃഷി സംസ്ക്കാരമാണെന്നും, ഓരോ പൗരന്റേയും ആരോഗ്യം രാജ്യത്തിന്റെ സമ്പത്താണെന്നും ബിബിനച്ചൻ പറയുകയുണ്ടായി. ചടങ്ങിൽ മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം ഉള്ളാടപ്പുള്ളിൽ സ്വാഗതം പറഞ്ഞു ശ്രീ. ബാലകൃഷ്ണൻ കാഞ്ഞിലേരി നന്ദി പറഞ്ഞു. പദ്ധതിപ്രകാരം പതിനൊന്ന് കോളനികളിലെ 500-കുടുംബങ്ങൾക്ക് 7-ടൺ ജൈവവളം വിതരണം ചെയ്തു. കോ-ഓർഡിറ്റേർ റെനി സിബി, മനോജ്.വി എന്നിവർ നേതൃത്വം നല്കി.

## കോളനി വികസന പദ്ധതിയിൽ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നബാർഡിന്റെ അനുമോദനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ധനസഹായത്തോടെ കണ്ണൂർ ജില്ലയിലെ പതിനൊന്ന് കോളനിയിലെ ഗോത്രവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നബാർഡ് മോണിറ്ററിംഗ് ടീം അരീക്കമല, ചിറ്റാരി, വാതിൽമട, ചീത്തപ്പാറ, ചാണോക്കുണ്ട് കോളനികളിൽ പരിശോധന നടത്തി. ടി.ഡി.എഫ്. പദ്ധതിപ്രകാരം കോളനികളിൽ നടപ്പിലാക്കിയ ഹോർട്ടികൾച്ചർ, കുടിവെള്ള പദ്ധതി, വരുമാന പദ്ധതി, മണ്ണ് - ജലസംരക്ഷണം വിവിധങ്ങളായ പരിശീല പരിപാടികൾ, സ്വാശ്രയ സംഘ പ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തി. ഇതിൽ 90%-ത്തിന് മുകളിൽ മാസ്സിന് പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിച്ചതിനാൽ സന്ദർശന സംഘം അനുമോദനം രേഖപ്പെടുത്തി. ഒരാഴ്ച നീണ്ടുനിന്ന പരിശോധന പരിപാടിയിൽ നബാർഡ് മോണിറ്ററിംങ് കമ്മിറ്റി മേധാവി ടിറ്റോ ആൻഡ്രൂസ്, ഷാജു ആന്റണി, ഷംഷാദ് എന്നിവർ പങ്കെടുത്തു. മാസ്സ് ഡയറക്ടർ ഫാ. ബിബിൻ കണ്ടോത്ത്, മാസ്സ് ടി.ഡി.എഫ്. ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ സഹകരണത്തോടെ കണ്ണൂർ ജില്ലയിലെ മടമ്പം കേന്ദ്രീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ന്യൂമോഡൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രൊജക്ട് മോണിറ്ററിംഗ് കമ്മിറ്റി കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ നബാർഡ് എ.ജി.എം നാഗേഷ്, മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, ന്യൂമോഡൽ പ്രൊഡ്യൂസർ കമ്പനി ഡയറക്ടർ ജോസ് ചിറ്റേട്ട്, മാസ്സ് പ്രോഗ്രാം മാനേജർ ശ്രീ. അബ്രഹാം ഉള്ളാടപ്പുള്ളിൽ എന്നിവർ പങ്കെടുത്തു. യോഗത്തിൽ കമ്പനിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്നുള്ള കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് രൂപരേഖ ഉണ്ടാക്കി. യോഗത്തിൽ ജോസ് ചിറ്റേട്ട് സ്വാഗതവും, അബ്രഹാം. ഉള്ളാടപ്പുള്ളിൽ നന്ദി പറഞ്ഞു.

## കുറഞ്ഞവിലയിൽ കുടവിതരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രാജപുരം, മടമ്പം മേഖലകളിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘം അംഗങ്ങൾക്ക് കുറഞ്ഞവിലയിൽ ഗുണമേന്മയുള്ള കുടകൾ വിതരണം ചെയ്തു.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സംബന്ധിച്ച് പ്രസ്തുതപദ്ധതി അനുഗ്രഹമായി. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി 8-വർഷമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന സാധുകൃത ക്ഷേമപദ്ധതിയുടെ ഭാഗമായാണ് കുടവിതരണ പദ്ധതി നടപ്പിലാക്കിയത്. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ, മടമ്പം മേഖല കോ-ഓർഡിനേർ റെനി സിബി, രാജപുരം മേഖല കോ-ഓർഡിനേറ്റർ ആൻസി ജോസഫ്, സി.സ്നേഹ SJC എന്നിവർ നേതൃത്വം നൽകി.

## ബഡ്ഡിംങ് പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചുള്ളിക്കരയിൽ പ്രവർത്തിക്കുന്ന വനിത സ്വാശ്രയ അംഗങ്ങൾക്ക് ഗുണമേന്മയുള്ള ചെടികൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ബഡ്ഡിംങിൽ പരിശീലനം നൽകി.വനിത സ്വാശ്രയ അംഗങ്ങൾക്ക് ഒരു സ്വയംതൊഴിൽ പദ്ധതിയും ഇതിലൂടെ ലക്ഷ്യമിടുന്നു. റോസ് തുടങ്ങിയ വാണിജ്യ പ്രാധാന്യമുള്ള ചെടികളുടെ ഗുണമേന്മ നഷ്ടപ്പെടുത്താതെ നല്ലയിനം തൈകൾ ഉല്പാദിപ്പിക്കുവാൻ ഇതിലൂടെ സാധ്യമാക്കുന്നു.പരിശീലന പരിപാടിക്ക് സി. സ്നേഹ SJC, ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി.

## ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചുള്ളിക്കരയിൽ പ്രവർത്തിക്കുന്ന വനിത സ്വാശ്രയ അംഗങ്ങൾക്ക് ഇഞ്ചി സ്ക്വാഷ്, പൈനാപ്പിൾ ലഡു എന്നിവയുടെ പരിശീലനം നൽകി. മായം കലരാത്ത, രുചിപ്രദമായ, ഗുണമേന്മയുള്ള ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയും, സ്വയംതൊഴിൽ ലഭിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ പരിശീലനം നൽകിയത്. ഈ പരിപാടിയിൽ 20 പേർ പങ്കെടുത്തു. പരിശീലനപരിപാടിക്ക് സി. സ്നേഹ എസ്.ജെ.സി, ആൻസ് ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ബിബിൻ കണ്ടോത്ത്**
സെക്രട്ടറി, മാസ്സ്

# ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി

## പകർച്ച വ്യാധികൾക്കെതിരെ ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പടമുഖം ഗ്രാമവികസന സമിതിയുടെയും വാത്തിക്കുടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മുങ്ങാപ്പാറ അംഗനവാടി ഓഡിറ്റോറിയത്തിൽ ആരോഗ്യ സെമിനാർ സംഘടിപ്പിച്ചു. വാത്തിക്കുടി ഗ്രാമപഞ്ചായത്ത് മെമ്പർ അജീഷ് നെല്ലിപ്പുഴക്കുന്നേൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ വേണു ജി.ബി ആരോഗ്യ ജാഗ്രത എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നയിച്ചു. ഗീത കെ.എസ്, സുജ ജോബി, അന്നമ്മ സ്കറിയ എന്നിവർ പ്രസംഗിച്ചു.

## പത്തിനം ഫലവൃക്ഷങ്ങൾ എല്ലാ ഭവനങ്ങളിലും പദ്ധതി ഉദ്ഘാടനം ചെയ്തു

ജൂൺ അഞ്ച് ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് പത്തിനം ഫലവൃക്ഷതൈകൾ എല്ലാ ഭവനങ്ങളിലും എന്ന ആശയം വ്യാപകമാക്കിക്കൊണ്ട് ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ

നേതൃത്വത്തിൽ ഫലവൃക്ഷ വ്യാപന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയുടെ ഉദ്ഘാടനം ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഫാ. ജോമോൻ കുന്നക്കാട്ടുതടത്തിൽ നിർവ്വഹിച്ചു. പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന തടിയമ്പാട് ചൈതന്യ കാർഷിക നഴ്സറിയിൽ ഫലവൃക്ഷതൈകളുടെ വിപുലമായ ശേഖരവും ഒരുക്കിയിട്ടുണ്ട്.

## ഡ്രൈവിംഗ് പരിശീലനം

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പടമുഖം ഗ്രാമവികസന സമിതിയുടെ പരിധിയിൽ വരുന്ന വനിതകൾക്കായി ഡ്രൈവിംഗ് പരിശീലനം സംഘടിപ്പിച്ചു. 12 പേർ പരിശീലനത്തിൽ പങ്കെടുത്തു.

## നേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റി കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയുമായി സഹകരിച്ച് തെള്ളിത്തോട് ഗ്രാമത്തിൽ നേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. മാത്യു വട്ടുകുളങ്ങര ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 150 പേർ പങ്കെടുത്തു. കോർഡിനേറ്റർ, അനിമേറ്റർ, ഹരിതവേദി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## ഗ്രൂപ്പ് വാർഷികാഘോഷം

ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സേനാപതി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന പഞ്ചമി ഗ്രൂപ്പിന്റെ വാർഷികാഘോഷം സംഘടിപ്പിച്ചു. കോർഡിനേറ്റർ, അനിമേറ്റർ എന്നിവർ സന്നിഹിതരായിരുന്നു.

**ഫാ. ജെയിംസ് വടക്കേകണ്ടങ്കരിയിൽ**

സെക്രട്ടറി

# ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ

## ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ – ഫൊറോന കൗൺസിൽ യോഗം

കോട്ടയം അതിരൂപതയുടെ വനിതാ അൽമായ സംഘടനയായ ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ ചുങ്കം ഫൊറോന കൗൺസിൽ യോഗം ഓഗസ്റ്റ് 17 വെള്ളിയാഴ്ച ചുങ്കം സെന്റ് മേരീസ് പാരിഷ് ഹാളിൽ നടത്തപ്പെടും. ഫൊറോന ചാപ്ലെയിൻമാർ കെ.സി.ഡബ്ല്യു.എ ഫൊറോന യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

**സിൻസി പാറേൽ**
സെക്രട്ടറി

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂൺ 2018**

04–07 പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി.യിൽ പങ്കെടുത്തു.

08 തിരുഹൃദയ തിരുന്നാളിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

– പി.ഒ.സിയിൽ നടന്ന സീറോ മലബാർ പെർമനന്റ് സിനഡിൽ പങ്കെടുത്തു.

09 കാരിത്താസ് ഇടവകയിൽ വി. ബലിയർപ്പിക്കുകയും കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളുടെ സുവർണ ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു.

10 ഇടക്കോലി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

11 വിസിറ്റേഷൻ ജനറലേറ്റിൽ വി. ബലിയർപ്പിച്ചു.

– അതിരൂപത മൈനർ സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും പുതിയ അധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

12 ചൈതന്യയിൽ നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

13 സെന്റ് ആൻസ് സ്റ്റഡി ഹൗസിൽ വി. ബലിയർപ്പിച്ചു.

- കുറുമുള്ളൂർ ഇടവകാംഗം നിര്യാതയായ പതീപ്പറമ്പിൽ മേരി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയ ത്തിൽ കാർമ്മികത്വം വഹിച്ചു.

14 മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ കോട്ടയം ക്രിസ്തുരാജ കത്തീ ഡ്രലിൽ നടന്ന അനുസ്മരണ ബലിയിൽ സഹകാർമ്മികത്വം വഹിച്ചു.

- കടുത്തുരുത്തിയിൽ നിർമ്മിക്കുന്ന മാർ കുന്നശ്ശേരി മെമ്മോറിയൽ ക്നാനായ മ്യൂസിയത്തിന്റെ ശിലാസ്ഥാപനം നടത്തി.

17 പയസ് മൗണ്ട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

- മോനിപ്പിള്ളിയിൽ പുതുതായി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചരിച്ചു.

18 കോട്ടയം ദേവലോകം അരമനയിൽ നടന്ന നിലയ്ക്കൽ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

- കാക്കനാട് നടന്ന സീറോ മലബാർ പെർമനന്റ് സിനഡിൽ പങ്കെടുത്തു.

- കേരള സോഷ്യൽ സർവീസ് ഫോറം അടിച്ചിറ ആമോസ് സെന്ററിൽ നടത്തിയ സാമൂഹ്യ ശുശ്രൂഷകരുടെ നേതൃ സംഗമം ഉദ്ഘാടനം ചെയ്തു.

- അതിരൂപത മെത്രാസന മന്ദിരത്തിൽ നടന്ന ക്നാനായ സ്റ്റാർസ് എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

24 കട്ടച്ചിറ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

25 മാലോം ഇടവകാംഗം നിര്യാതനായ ഇലവുങ്കൽ ചാക്കോ യ്ക്കുവേണ്ടി പരേതന്റെ വെളിയന്നൂരിലെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 കോട്ടയം കത്തീഡ്രൽ ഇടവകാംഗം നിര്യാതയായ മേരി

ക്കുട്ടി കറുകകുറ്റിയിലിനുവേണ്ടി പരേതയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- ചൈതന്യയിൽ നടന്ന ഹെലൻ കെല്ലേർസ് ഡേയിൽ പങ്കെടുത്തു.
- കാരിത്താസ് ഹോസ്പിറ്റലിൽ നടന്ന ഡോക്ടേഴ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്തു.

28 പാഴുത്തുരുത്ത് സെന്റ് കുര്യാക്കോസ് സീനിയർ ഹയർ സെക്കണ്ടറി സ്കൂളിൽ ഡോ. താർസിസ് ജോസഫ് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന്റെ 'എഡ്യൂക്കേഷണൽ ഐക്കൺ ഓഫ് ദി ഇയർ' ആയി തെരഞ്ഞെടുക്കപ്പെട്ട തേർവാലക്കട്ടയിൽ ബഹു. റ്റോമി അച്ചന് അവാർഡ് സമർപ്പണം നടത്തി.

29 ഉഴവൂർ ഒ.എൽ.എൽ. സ്കൂളിൽ നടത്തിയ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു.

30 നീണ്ടൂർ ഇടവകയിൽ നടന്ന സെന്റ് ജോസഫ് കോൺഗ്രിഗേഷന്റെ നവതി ആഘോഷങ്ങളുടെ സമാപനദിനത്തിൽ വി. ബലിയർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷനായിരിക്കുകയും ചെയ്തു.

**ജൂലൈ**

01 കരിപ്പാടം ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

04 കാരിത്താസ് ഹോസ്പിറ്റൽ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

### July 2018

05 Sapthathy Celebration of Mar Joseph Perumthottam at Changanachery.

06 Blessing of the New Buildings at St. Stephen's College Uzhavoor.

07 Holy Qurbana and Benjamins' Meet at Minor Seminary.
- Blessing of the New Building at St. Thomas School, Kallara Old.
- Pastoral Visit at Vechoor.
08 Pastoral Visit at Kallara Old.
12 Holy Qurbana at LDSJG Convent, Kothanalloor.
13 Presbyteral Council at Chaithanya.
14 Pastoral Council at Chaithanya.
15 Pastoral Visit at Kidangoor.
- KCYL Youth Day Celebrations at Areekkara.
17-30 To USA.
19 KCCNA Convention at Atlanta, USA.
31- Aug. 2 Annual Retreat of Priests' at Thuvanisa.

**August**

03 Presbyterium at Thuvanisa.
05 Pastoral Visit at Samkranthi.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ജൂൺ 2018**

5-7 പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി.യിൽ സംബന്ധിച്ചു.
9 കാസർഗോഡ് കരിസ്മാറ്റിക് സോണിന്റെ ആഭിമുഖ്യത്തിൽ രാജപുരം പള്ളിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നല്കി.
13 ശ്രീപുരം ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ടൗണിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുന്ന 'ശ്രീപാഥേയം' എന്ന പദ്ധതിയുടെ ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

14 അഭി. കുന്നശ്ശേരി പിതാവിന്റെ ആത്മാനുകൂലാർത്ഥം കത്തീഡ്രൽ പള്ളിയിൽ അർപ്പിക്കപ്പെട്ട വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു.

15 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട മലബാർ റീജിയൺ മിഷൻ ലീഗ് പ്രവർത്തനോദ്ഘാടനം നടത്തി.

16 പയ്യാവൂർ ഇടവകാംഗമായ നിര്യാതയായ കാക്കനാട്ട് മറിയത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ സമാപനശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

17 പോത്തുകുഴി പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

18 കണ്ണൂർ ശ്രീപുരം സ്കൂളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നിർമ്മിച്ച ATL ലാബിന്റെ ഉദ്ഘാടന ചടങ്ങിന് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

19,20 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ മലബാർ റീജിയൺ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

22 കണ്ണൂർ ശ്രീപുരം സ്കൂളിലെ 10, 12 ലെ കുട്ടികളിൽ ഉയർന്ന മാർക്കു വാങ്ങിയ കുട്ടികൾക്ക് അവാർഡ് വിതരണം ചെയ്തു.

23 കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്ററിൽ നടത്തിയ മലബാർ റീജിയൺ കണക്കന്മാരുടെയും കൈക്കാരന്മാരുടെയും മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

23,24 പന്നിയാൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി.

24 രാജപുരം ഫൊറോനയിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട പാരീഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

25 റിട്ടയർ ചെയ്യുന്ന മടമ്പം ബി.കെ.എം. കോളജ് പ്രിൻസിപ്പൽ ഡോ. സ്റ്റീഫന്റെ യാത്രയയപ്പ് സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

\- പയ്യാവൂർ ടൗൺ പള്ളിയിൽ നടത്തിയ മടമ്പം ഫൊറോനാ പാരീഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

26 മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വച്ച് പെരിക്കല്ലൂർ

ഫൊറോന പാരീഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

30 ചങ്ങലേരി പള്ളിയിൽ നടത്തപ്പെട്ട ഫൊറോനാതല പാരിഷ് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുത്തു.

**ജൂലൈ**

1 എസ്.എച്ച്. മൗണ്ട് കെ.സി.സി.യിൽ എല്ലാ കുടുംബങ്ങളെയും അംഗമാക്കുന്നതിന്റെ ഭാഗമായി നടന്ന ചടങ്ങ് ഉദ്ഘാടനം ചെയ്തു.

– തൂവാനീസായിൽ വച്ച് അതിരൂപതാ വിശ്വാസ പരിശീലന അദ്ധ്യാപകർക്കായി നടത്തപ്പെട്ട സെമിനാറിൽ വി. കുർബാന അർപ്പിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

– കാരിത്താസ് ആയുർവേദ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

2 സീറോ മലബാർ യൂത്ത് മൂവ്മെന്റിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

3 സെന്റ് ജോസഫ് കോൺഗ്രിഗേഷന്റെ നവതിയോടനുബന്ധിച്ച് കൈപ്പുഴ സെന്റ് ജോസഫ് അസൈലത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നല്കി.

# ENGAGEMENTS

## Mar Joseph Pandarasseril

## July 2018

4 Caritas Trust Meeting at Caritas.

5 -11 To UK for UKKCA Convention.

7 DKKCA Convention at Birmingham.

13 Presbyteral Council at Chaithanya.

14 Pastoral Council at Chaithanya.

15 Malabar Region Catechetical Anniversary at Perikkalloor.

17-23 To USA for KCCNA Convention.

19-22 KCCNA Convention at Atlanta.

25 Holy Qurbana at KCCME Youth Camp at Chaithanya.

26 Ordination of Dn. Jaimon Chethalikarottu at Koodalloor.

30- August 2 Priests' Annual Retreat at Thuvanisa.

**August**

3 Presbyterium at Thuvanisa.

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ ദൈവത്തിന്റെ മനുഷ്യൻ

**(തിരുവചനഭാഗം: ശ്ലീഹ 5, 1-42)**

ആദിമസഭാസമൂഹത്തിൽ മാനുഷികതയും ദൈവികതയും തമ്മിലുണ്ടായ സംഘർഷമാണ് ഈ അദ്ധ്യായത്തിൽ പ്രതിഫലിക്കുന്നത്. അനനിയാസും അയാളുടെ ഭാര്യ സഫീറായും ശ്ലീഹന്മാരുടെ മുമ്പിൽ വ്യാജം പറഞ്ഞതിന് ശിക്ഷയെന്നോണം മരിച്ചുവീഴുന്നതും, അതേത്തുടർന്ന് യഹൂദ അധികാരികളും ശ്ലീഹന്മാരും തമ്മിലുള്ള സംഘർഷങ്ങളും, നിയമോപദേഷ്ടാവും ആദരണീയനുമായ ഗമാലിയേലിന്റെ ഇടപെടലുമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. സഭയുടെ ദൈവികതയ്ക്കു വിരുദ്ധമായി മാനുഷികശക്തികൾ പ്രബലപ്പെടുന്ന ഈ പശ്ചാത്തലം, സഭാശുശ്രൂഷകരായ വൈദികരുടെ ആദ്ധ്യാത്മികജീവിതത്തിൽ അനുഭവപ്പെടാവുന്ന ദൈവികതയും മാനുഷികതയും തമ്മിലുള്ള സംഘർഷത്തെ ഉദാഹരിക്കുന്നതാണ്. ഈ വചനഭാഗത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. അനനിയാസും സഫീറായും (5,1-11)
2. അത്ഭുതങ്ങളും അടയാളങ്ങളും (5,12-16)
3. കാരാഗൃഹത്തിൽനിന്നുള്ള മോചനവും വചനപ്രഘോഷണവും (5,17-21)
4. ന്യായാധിപസംഘത്തിനു മുമ്പിൽ വചനപ്രഘോഷണം (5,22-32)

5. ഗമാലിയേലിന്റെ ഇടപെടൽ (5,33-42)

**1. പുരോഹിതൻ: ദൈവികമായി ജീവിക്കേണ്ടവൻ**

*"പത്രോസ് ചോദിച്ചു: അനനിയാസേ, പരിശുദ്ധാത്മാവിനെ വഞ്ചിക്കുവാനും പറമ്പിന്റെ വിലയുടെ ഒരംശം മാറ്റി വയ്ക്കാനും സാത്താൻ നിന്റെ ഹൃദയത്തെ പ്രേരിപ്പിച്ചതെന്ത്? പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ? ഈ പ്രവൃത്തി ചെയ്യാൻ നിന്നെ പ്രേരിപ്പിച്ചതെന്താണ്? നീ വ്യാജം പറഞ്ഞത് മനുഷ്യനോടല്ല ദൈവത്തോടാണ്" (5,3-4).*

വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. പറമ്പും വീടും സ്വന്തമായുണ്ടായിരുന്നവരെല്ലാം അവയത്രയും വിറ്റു കിട്ടിയ തുക ശ്ലീഹന്മാരുടെ കാല്ക്കലർപ്പിച്ച (4,32-34) പശ്ചാത്തലത്തിൽ അനനിയാസും ഭാര്യ സഫീറായും ചെയ്ത വഞ്ചനയും അതിന് അവർക്കു ലഭിച്ച ശിക്ഷയുമാണ് ഈ ഭാഗം അവതരിപ്പിക്കുന്നത്. പറമ്പും വീടും വിറ്റ് തുക മുഴുവൻ കൊടുക്കണമെന്ന നിയമമൊന്നും അന്ന് സഭയിലില്ലായിരുന്നു. ഓരോരുത്തരും സ്വതന്ത്രമായി, സ്വമേധയാ ചെയ്തിരുന്ന ഒന്നായിരുന്നു അത്. പത്രോസിന്റെ വാക്കുകൾ അതു വ്യക്തമാക്കുന്നുണ്ട്: "പറമ്പു നിന്റെ സ്വന്തമായിരുന്നില്ലേ? വിറ്റു കിട്ടിയതും നിന്റെ അധീനതയിലായിരുന്നില്ലേ?" (5,4). ആദിമസഭാംഗങ്ങളുടെയിടയിലുണ്ടായിരുന്ന ദാരിദ്ര്യചൈതന്യമാണ് എല്ലാം പങ്കുവയ്ക്കാൻ അവരെ പ്രേരിപ്പിച്ചത്. ആദിമസഭാംഗങ്ങൾ ജീവിക്കാൻ ശ്രമിച്ച ദൈവികമായ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും പ്രതിഫലനമായിരുന്നു അത്. ഈ ചൈതന്യം അനനിയാസിനും സഫീറായ്ക്കും ഇല്ലാതെപോയി. അവർ വെറും മാനുഷികമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്. രണ്ടുപേരും തത്ക്ഷണം മരിച്ചുവീണത് അവരുടെ നിലപാടിന്റെ ഗൗരവത്തെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിക്കാതെ, മാനുഷികമായ സുരക്ഷിതത്വത്തിൽമാത്രം അവർ ആശ്രയിച്ചു. അതിന്റെ ഫലമായി അവർ പരിശുദ്ധാത്മാവിനെ വഞ്ചിക്കുന്നവരും (5,3) ദൈവത്തോടു വ്യാജം പറയുന്നവരുമായിത്തീർന്നു (5,4).

സഭയിലുള്ള മിശിഹായുടെയും ദൈവത്തിന്റെയും സാന്നിദ്ധ്യവും പ്രവർത്തനവും ഗൗരവമായി പരിഗണിക്കേണ്ട ഒന്നാണ്.

സഭ ദൈവത്തിന്റെ സ്വന്തം ജനമാണ് (1 പത്രോ 2,9). പരിശുദ്ധാത്മാവിൽ ജനിച്ച് പരിശുദ്ധാത്മാവിൽ ജീവിക്കുന്നവരുടെ സമൂഹമാണ് സഭ (യോഹ 3,3-6). ദൈവികരഹസ്യങ്ങൾ പരികർമ്മം ചെയ്യപ്പെടുന്ന സമൂഹമെന്ന നിലയിൽ സഭ പരിശുദ്ധാത്മാവിന്റെ പ്രവർത്തന വേദിയാണ്. സഭയിലൂടെയാണ് ദൈവം തന്റെ രക്ഷാപദ്ധതി ഈ ലോകത്തിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങൾ ദൈവഭയമുള്ളവരായിരിക്കണം. "സഭ മുഴുവനിലും ഇതു കേട്ട എല്ലാവരിലും വലിയ ഭയമുണ്ടായി" (5,11) എന്നുള്ള പ്രസ്താവനയിൽ ഈ സൂചനയുണ്ട്. 'സഭ' (ഗ്രീക്കുഭാഷയിൽ 'എക്ലേസിയ') എന്ന വാക്ക് ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിൽ ഇവിടെയാണ് ആദ്യം കാണുന്നത്. അതും 'ദൈവഭയ'ത്തോടു ബന്ധപ്പെടുത്തിയാണ്. ദൈവഭയമുള്ള ജീവിതത്തിൽ ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കുവാനുമുള്ള പരിശ്രമമുണ്ടാകും. അതിനു തടസ്സമുണ്ടാകത്തക്കവിധം കേവലം മാനുഷികമായി ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് സാത്താനാണ്. മാനുഷികമായ നിലപാടു സ്വീകരിച്ച പത്രോസിനെ 'സാത്താനേ' എന്നാണല്ലോ ഈശോ വിളിച്ചത് (മത്താ 16,23). മാനുഷികമായി ചിന്തിക്കുവാൻ അനനിയാസിനെ പ്രേരിപ്പിച്ചതും സാത്താൻതന്നെയാണ് (5,3). അതുകൊണ്ട് സഭയിൽ എല്ലാവരും, പ്രത്യേകിച്ച് സഭാശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതരും ദൈവഭയമുള്ളവരും ദൈവികമായി ചിന്തിക്കുന്നവരും പ്രവർത്തിക്കുന്നവരും ജീവിക്കുന്നവരുമായിരിക്കണം.

**2. പുരോഹിതൻ: ദൈവസാന്നിദ്ധ്യം നല്കുന്നവൻ**

*"കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു. അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്"* (5,14-15).

ശ്ലീഹന്മാരുടെ നേതൃത്വത്തിലുള്ള സഭാസമൂഹത്തിന്റെ അപ്രതിരോധ്യമായ വളർച്ചയാണ് ഇവിടെ കാണുന്നത്. നട 4,30 ലെ സഭയുടെ പ്രാർത്ഥന ഇവിടെ ഫലമണിയുന്നു: "അവിടുത്തെ പരിശുദ്ധ ദാസനായ ഈശോയുടെ നാമത്തിൽ രോഗശാന്തിയും അടയാളങ്ങളും അത്ഭുതങ്ങളും സംഭവിക്കുന്നതിനായി അവിടുത്തെ കൈകൾ

നീട്ടണമേ. അവിടുത്തെ വചനം പൂർണ്ണധൈര്യത്തോടെ പ്രസംഗിക്കാൻ ഈ ദാസരെ അനുഗ്രഹിക്കണമേ". "ശ്ലീഹന്മാരുടെ കരങ്ങൾ വഴി ജനമദ്ധ്യത്തിൽ വളരെ അടയാളങ്ങളും അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു" (5,12); "കർത്താവിൽ വിശ്വസിച്ച പുരുഷന്മാരുടെയും സ്ത്രീകളുടെയും സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു" (5,14). സോളമന്റെ മണ്ഡപം സഭാസംഗമത്തിന്റെ പതിവു വേദിയായി മാറി. പരസ്യജീവിതകാലത്ത് ഈശോയുടെ ഒരു സംഗമവേദിയായിരുന്ന സോളമന്റെ മണ്ഡപം (യോഹ 10,23) ആദിമസഭയുടെ സംഗമവേദിയായതിൽ അതിശയമില്ല. യഹൂദമതാനുയായികളായതിനാൽ ശ്ലീഹന്മാരോടു ചേരാൻ പലരും ധൈര്യപ്പെട്ടില്ലെങ്കിലും പൊതുജനം പൊതുവെ ശ്ലീഹന്മാരെ ബഹുമാനിക്കുകയും സഭയുടെ ഭാഗമായിത്തീരുകയും ചെയ്തു.

സഭയുടെ ഈ വളർച്ചയ്ക്ക് നിർണ്ണായകമായിത്തീർന്നത് ശ്ലീഹന്മാരിലൂടെ നടന്ന അത്ഭുതങ്ങളും അടയാളങ്ങളുമാണ്. അത്ഭുതങ്ങളുടെ വിവരണം ചിലപ്പോഴെല്ലാം മാന്ത്രികമായ ഒരു പ്രതിഭാസത്തിന്റെ പ്രതീതിയുളവാക്കും. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും പതിക്കുന്നതിനുവേണ്ടി രോഗികളെ തെരുവീഥികളിൽ കിടത്തിയിരുന്നു (5,15). പൗലോസിന്റെ കാര്യത്തിലും ഇതുപോലെ സംഭവിച്ചതായി പറയുന്നുണ്ട് (19,11-12). ഈശോയുടെ പരസ്യജീവിതത്തിലും ഇതുപോലെ സംഭവിച്ചതായി മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ 6,53-56). എന്നാൽ ജനം ചിന്തിക്കുന്നതുപോലെ മാന്ത്രികശക്തിയല്ല, ജീവിക്കുന്ന മിശിഹായുമായുള്ള ശ്ലീഹന്മാരുടെ ഐക്യവും, രോഗികളുടെ ഭാഗത്ത് മിശിഹായിലുള്ള വിശ്വാസവുംമൂലമാണ് ഈ അത്ഭുതങ്ങൾ സംഭവിക്കുന്നതെന്ന് പത്രോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട് (3,12-16). മിശിഹാ ഇന്ന് സഭയിൽ ജീവിക്കുന്നു എന്നതിന്റെ അടയാളമാണ് ശ്ലീഹന്മാരിലൂടെ നടന്നതും, ഇന്ന് ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്നവരിലൂടെയും വരദാനങ്ങളുള്ളവരിലൂടെയും നടക്കുന്നതുമായ, അത്ഭുതങ്ങൾ. ഇപ്രകാരമുള്ള അത്ഭുതങ്ങൾ സഭയിൽ നടക്കേണ്ടതാവശ്യമാണ്. ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതർ മിശിഹായുമായുള്ള തങ്ങളുടെ ഐക്യത്തിൽ വളർന്നും, സഭയിൽ സന്നിഹിതനായിരിക്കുന്ന മിശിഹായിലുള്ള വിശ്വാസത്തിൽ ജന

ങ്ങളെ വളർത്തിയും അടയാളങ്ങളിലൂടെ അവരുടെ അജപാലനശു ശ്രൂഷയെ കൂടുതൽ ഫലവത്താക്കാൻ പരിശ്രമിക്കണം.

**3. പുരോഹിതൻ: ദൈവവചനപ്രഘോഷകൻ**

*"എന്നാൽ പ്രധാനപുരോഹിതനും അവനോടു ചേർന്നുനിന്നിരുന്ന സദുക്കായവിഭാഗവും അസൂയനിറഞ്ഞ് ശ്ലീഹന്മാരെ പിടിച്ച് ബന്ധിച്ച് പൊതുകാരാഗൃഹത്തിലടച്ചു. രാത്രി കർത്താവിന്റെ ദൂതൻ കാരാഗൃഹ വാതിലുകൾ തുറന്ന് അവരെ പുറത്തുകൊണ്ടുവന്ന് അവരോടു പറഞ്ഞു: നിങ്ങൾ ദൈവാലയത്തിൽച്ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ"* (5,17-20).

ശ്ലീഹന്മാരുടെ അത്ഭുതപ്രവൃത്തികളിലും സഭയുടെ വളർച്ച യിലും അസൂയയും വൈരാഗ്യവും നിറഞ്ഞ പ്രധാനപുരോഹിതരും സദ്ദുക്കായരും ശ്ലീഹന്മാരെ കുറ്റവാളികളായി പ്രഖ്യാപിച്ച് കാരാഗൃ ഹത്തിലടച്ചു. പുരോഹിതന്മാർ എതിർത്തതിനുകാരണം ശ്ലീഹന്മാർ എപ്പോഴും പ്രസംഗിച്ചിരുന്നത്, "നിങ്ങൾ കുരിശിൽ തറച്ചുകൊന്ന ഈശോമിശിഹായെ ദൈവം ഉയിർപ്പിച്ചു" എന്നു പറഞ്ഞുകൊണ്ടാ യിരുന്നു എന്നതാണ് (5,30; 2,23-24; 3,13-15). സദുക്കായർ എതിർക്കാൻ കാരണം ശ്ലീഹന്മാർ ഉയിർപ്പിനു സാക്ഷ്യം പറയുന്നതുകൊണ്ടുമാ യിരുന്നു (23,8). അസൂയ നിറഞ്ഞ് ഈശോയെ അറസ്റ്റു ചെയ്ത വർ(മത്താ 27,18)തന്നെയാണ് ഇപ്പോൾ ശ്ലീഹന്മാരെയും ബന്ധിച്ച് കാരാഗൃഹത്തിലടച്ചത്. എന്നാൽ കാരാഗൃഹത്തിൽനിന്ന് ദൈവം അത്ഭുതകരമായി ശ്ലീഹന്മാരെ മോചിപ്പിച്ച് അവരോട്, "നിങ്ങൾ ദൈവാലയത്തിൽ ചെന്ന് എല്ലാ ജനങ്ങളോടും നവജീവന്റെ ഈ വചനം പ്രസംഗിക്കുവിൻ" (5,20) എന്നു പറഞ്ഞു. അവർ അപ്ര കാരം ചെയ്യുകയും ചെയ്തു (5,21). 'വചനപ്രഘോഷണം സഭയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ ദൗത്യമാണ്. ഈശോ വചനം മാംസമായവനാണ് (യോഹ 1,14). ഈശോയുടെ തുടർച്ച യായി ലോകത്തിലായിരിക്കുവാനാണ് സഭ വിളിക്കപ്പെട്ടിരിക്കുന്ന ത്. അതുകൊണ്ട് വചനപ്രഘോഷണം നടത്തുന്നില്ലെങ്കിൽ സഭയ്ക്ക് ഈ ലോകത്തിൽ പ്രസക്തിയില്ല. അതിനുവേണ്ടി ദൈവത്താൽ അയ യ്ക്കപ്പെട്ടവളാണവൾ (മർക്കോ 16,15). ദൈവത്തിന്റെ ഈ പദ്ധതിയെ പ്രതിരോധിക്കാൻ ഈലോകത്തിൽ ഒരു ശക്തിക്കും സാധ്യമല്ല.

ശ്ലീഹന്മാർ പ്രസംഗിക്കേണ്ട വചനത്തെ 'ഈ ജീവന്റെ വചനം'

എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത് (5,20). 'ഈ ജീവന്റെ വചനം' എന്നു വിശേഷിപ്പിക്കുന്നത് ഉത്ഥിതനായ ഈശോയിലൂടെ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷയുടെ വചനമാണ്. ഉത്ഥാനത്തിനുശേഷം ഈശോതന്നെ നാല്പതുദിവസം ശ്ലീഹന്മാരുടെയിടയിൽ പ്രത്യക്ഷപ്പെട്ട് ദൈവരാജ്യത്തെക്കുറിച്ച് അവരെ പഠിപ്പിച്ചു (1,3). ഈ ദൈവരാജ്യത്തിന്റെ സുവിശേഷമാണ് ഈശോ പ്രസംഗിച്ചതും പഠിപ്പിച്ചതും (മർക്കോ 1,14-15). വി. മത്തായിയുടെ സുവിശേഷപ്രകാരം അത് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമാണ് (മത്താ 4,17). വി. ലൂക്കായിൽ അത് സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ - രക്ഷയുടെ - സുവിശേഷമാണ് (ലൂക്കാ 2,10). വി. യോഹന്നാന്റെ സുവിശേഷപ്രകാരം അത് നിത്യജീവൻ നല്കുന്ന ദൈവത്തിന്റെ വചനമാണ് (യോഹ 5,24). ഉത്ഥിതനായ മിശിഹാതന്നെയാണ് ഇന്നും അരൂപിയിലൂടെ സഭയിൽ സന്നിഹിതനാകുന്നതും വചനപ്രഘോഷണം നടത്തുന്നതും. ഈ ഒരവബോധത്തോടെ ഉത്ഥിതനായ മിശിഹായോടുള്ള പ്രതിബദ്ധതയും ഐക്യവും പുലർത്തിക്കൊണ്ട് സഭയുടെ വിശ്വാസത്തിൽ അധിഷ്ഠിതമായി വചനപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം.

**4. പുരോഹിതൻ: ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുന്നവൻ (5,30-32)**

"*നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു. ഇസ്രായേലിന് അനുതാപവും പാപമോചനവും നല്കാൻ ദൈവം അവനെ നാഥനും രക്ഷകനുമായി തന്റെ വലത്തുഭാഗത്തേക്ക് ഉയർത്തി. ഈ സംഭവങ്ങൾക്കു ഞങ്ങൾ സാക്ഷികളാണ്. തന്നെ അനുസരിക്കുന്നവർക്ക് ദൈവം പ്രദാനം ചെയ്യുന്ന പരിശുദ്ധാത്മാവ് ഇതിനു സാക്ഷിയാണ്*" (5,30-32).

ആദിമസഭയുടെ അത്ഭുതകരമായ വളർച്ചയുടെ മുമ്പിൽ യഹൂദനേതൃത്വം വിസ്മയിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നു. ജനങ്ങളെ ഭയന്ന്, ബലപ്രയോഗം കൂടാതെ, ശ്ലീഹന്മാരെ കൂട്ടിക്കൊണ്ടുവന്ന് ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിർത്തി അവരെ വിസ്തരിക്കുന്നു. കർശനമായ നിരോധനം ഉണ്ടായിരുന്നിട്ടും എന്തുകൊണ്ടു പഠിപ്പിച്ചു എന്ന് ചോദിച്ചപ്പോൾ, പത്രോസും ശ്ലീഹന്മാരും ഒന്നുചേർന്ന് തങ്ങൾ മനുഷ്യരെക്കാളുപരി ദൈവത്തെയാണ് അനുസരി

ക്കുന്നത് എന്ന് പ്രതിവചിച്ചു (5,29). അതേത്തുടർന്ന് വീണ്ടും അവർ ഏകസ്വരത്തിൽ, ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്രവർത്തനത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. ഈ രക്ഷാകരപ്രവർത്തനം യഹൂദർക്ക് പ്രത്യേകം പ്രസക്തിയുള്ളതാണെന്ന സൂചനയും പത്രോസിന്റെ വാക്കുകളിലുണ്ട്. 'നിങ്ങൾ മരത്തിൽ തൂക്കിക്കൊന്ന ഈശോയെ', 'നമ്മുടെ പിതാക്കന്മാരുടെ ദൈവം ഉയിർപ്പിച്ചു', 'ഇസ്രായേലിന് അനുതാപവും പാപമോചനവും നല്കാൻ' തുടങ്ങിയ പ്രസ്താവനകളെല്ലാം ഇതു സൂചിപ്പിക്കുന്നവയാണ്. ദൈവത്തെ അനുസരിക്കുന്നവർക്ക് അവിടുന്നു നല്കുന്ന പരിശുദ്ധാത്മാവാണ് ഇപ്രകാരം സാക്ഷ്യം നല്കുവാൻ തങ്ങളെ ശക്തിപ്പെടുത്തുന്നതെന്നും പത്രോസ് എടുത്തുപറഞ്ഞു (5,30-32). യഹൂദനേതൃത്വത്തെത്തന്നെ അനുതാപത്തിനും മാനസാന്തരത്തിനും ആഹ്വാനം ചെയ്തുകൊണ്ടാണ് പത്രോസ് പ്രസംഗം അവസാനിപ്പിക്കുന്നത് (5,31).

സുവിശേഷം ശ്രവിക്കുന്നവരുടെ ചരിത്രം ദൈവത്തിന്റെ രക്ഷാകരചരിത്രമാണെന്നു ബോദ്ധ്യപ്പെടുത്തിക്കൊണ്ട് സുവിശേഷപ്രഘോഷണം നടത്തുവാൻ പുരോഹിതനു കഴിയണം. രക്ഷാകരചരിത്രമല്ലാതെ മറ്റൊരു ചരിത്രം ലോകത്തിനോ മനുഷ്യർക്കോ ഇല്ല. ജനനം മുതൽ മരണം വരെ ഓരോ മനുഷ്യനിലും ദൈവം പൂർത്തിയാക്കുന്ന രക്ഷാകരപ്രവർത്തനമാണ് ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കിയതും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതും. അങ്ങനെ തന്നിൽ രക്ഷാകരപ്രവർത്തനം നിർവഹിക്കുന്ന ദൈവത്തോട് അനുതാപത്തോടും, വിശ്വാസത്തോടും സഹകരിച്ചുകൊണ്ട് പ്രത്യുത്തരിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പുരോഹിതൻ തന്റെ സുവിശേഷപ്രഘോഷണം നടത്തേണ്ടത്. അപ്രകാരം പ്രത്യുത്തരിച്ചുകൊണ്ട് പരിശുദ്ധാത്മാവിൽ ശക്തി പ്രാപിച്ച് രക്ഷാകരമായ അനുഭവം ഉൾക്കൊള്ളുന്ന ജീവിതസാക്ഷ്യവും പുരോഹിതന്റെ വചനപ്രഘോഷണത്തിനുണ്ടാവണം.

*5. പുരോഹിതൻ: ദൈവത്തിന്റെ ശക്തിയോടെ പ്രവർത്തിക്കുന്നവൻ*

*"എന്നാൽ, നിയമോപദേഷ്ടാവും സകലർക്കും ആദരണീയനുമായ ഗമാലിയേൽ എന്ന ഫരിസേയൻ സംഘത്തിലെഴുന്നേറ്റു നിന്ന്, അവരെ കുറച്ചു സമയത്തേക്ക് പുറത്തുനിർത്താൻ ആവശ്യപ്പെട്ടു. ... അതുകൊ*

*ണ്ട്, ഞാൻ നിങ്ങളോടു പറയുന്നു, ഈ ആളുകളിൽനിന്ന് അകന്നുനി ല്ക്കുക. അവരെ അവരുടെ വഴിക്കു വിട്ടേക്കുക. കാരണം, ഈ ആലോ ചനയും ഉദ്യമവും മനുഷ്യനിൽനിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച്, ദൈവത്തിൽനിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധി ക്കുകയില്ല. മാത്രമല്ല, ദൈവത്തെ എതിർക്കുന്നവരായി നിങ്ങൾ എണ്ണ പ്പെടുകയും ചെയ്യും. അവർ അവന്റെ ഉപദേശം സ്വീകരിച്ചു" (5,34.38 -39)***.**

പത്രോസ് ന്യായാധിപസംഘത്തിലുള്ളവരോട്, ദൈവത്തെ അനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണെന്നു പറഞ്ഞപ്പോൾ, അവർ ക്ഷുഭിതരായി ശ്ലീഹന്മാരെ കൊന്നുകളയാൻ ആഗ്രഹിച്ചു (5,32-33). എന്നാൽ സംഘത്തിലെ പ്രധാന നിയമോപദേഷ്ടാവായ ഗമാലിയേൽ പറഞ്ഞു. ഇതെല്ലാം മനുഷ്യരിൽനിന്നുള്ളതാണെങ്കിൽ ഇവരുടെ ഉദ്യമങ്ങളെല്ലാം താനേ പരാജയപ്പെട്ടുകൊള്ളും (5,38). തെവുദാസിന്റേയും യൂദാസിന്റേയും ഉദാഹരണങ്ങളെടുത്ത് ഗമാ ലിയേൽ സംസാരിച്ചപ്പോൾ സംഘാംഗങ്ങൾ ശ്ലീഹന്മാരെ പ്രഹരി ച്ചതിനുശേഷം നിരോധനാജ്ഞ നല്കി അവരെ വിട്ടയയ്ക്കുകയും ചെയ്തു. അപ്രകാരം സംസാരിക്കാൻ ഗമാലിയേലിനെ പ്രേരിപ്പിച്ച ത്, സഭാസമൂഹത്തിൽ ദൈവത്തിന്റെ ശക്തി പ്രവർത്തിക്കുന്നു ണ്ടെന്ന അദ്ദേഹത്തിന്റെ അനുഭവമാണ്. ശ്ലീഹന്മാരുടെ അത്ഭുതപ്ര വർത്തനങ്ങളും ധൈര്യപൂർവ്വകമായ സുവിശേഷപ്രഘോഷണവു മൊക്കെയായിരിക്കണം അതിന് അവസരമൊരുക്കിയത്.

ശ്ലീഹന്മാരാകട്ടെ "ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘ ത്തിന്റെ മുമ്പിൽനിന്നു പുറത്തുപോയി. എല്ലാ ദിവസവും ദൈവാല യത്തിൽവച്ചും ഭവനംതോറും ചെന്നും ഈശോയാണു മിശിഹാ എന്നു പഠിപ്പിക്കുന്നതിലും പ്രസംഗിക്കുന്നതിലുംനിന്ന് അവർ വിര മിച്ചിട്ടില്ല" (5,41-42). വധഭീഷണിയുണ്ടായിട്ടും സന്തോഷത്തോടും തീക്ഷ്ണതയോടുംകൂടെ സുവിശേഷപ്രഘോഷണത്തിലേർപ്പെടുവാ നുള്ള ധൈര്യമാണ് ശ്ലീഹന്മാർ കാണിക്കുന്നത്. അതുപോലെതന്നെ, സുവിശേഷത്തെപ്രതി സഹിക്കേണ്ടി വന്നതിൽ അവർ സന്തോഷി ക്കുകയും ചെയ്യുന്നു. ഈശോമിശിഹായിലുള്ള വിശ്വാസമാണ് അപ്ര കാരം സഹനത്തിൽ സന്തോഷിക്കാൻ അവർക്കു ശക്തിനല്കിയ

ത്. ഈശോയോടൊത്തുള്ള സഹനം അവിടുത്തോടൊത്തുള്ള മഹത്ത്വത്തിന്റെ മുന്നോടിയാണെന്ന് അവർ വിശ്വസിച്ചിരുന്നു. അപ്രകാരം വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും പൂർവ്വാധികം തീക്ഷ്ണതയോടെ സുവിശേഷപ്രഘോഷണം തുടരുവാനും ശ്ലീഹന്മാർക്കു കഴിഞ്ഞത് അവർ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ ശക്തി അവരിൽ പ്രവർത്തിച്ചതുകൊണ്ടാണ്. ഇതുപോലെയുള്ള സാഹചര്യങ്ങൾ പുരോഹിതനും തന്റെ ശുശ്രൂഷയിൽ ഉണ്ടാകാം. അതുകൊണ്ട് നിരന്തരമായ പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയുടെ ചൈതന്യം നവീകരിച്ചുകൊണ്ട് പുരോഹിതനും ശക്തി പ്രാപിക്കണം. അരൂപിയുടെ ശക്തിയാണ് തന്റെ ശുശ്രൂഷയിൽ തന്നെ ബലപ്പെടുത്തുന്നതെന്ന ബോദ്ധ്യത്തോടെ പ്രാർത്ഥനാജീവിതം നയിക്കുവാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. എന്റെ മാനുഷികതയെ അതിജീവിച്ച് ദൈവികമായി ചിന്തിക്കുവാനും സംസാരിക്കുവാനും പ്രതികരിക്കുവാനും പ്രവർത്തിക്കുവാനും എനിക്ക് എത്രമാത്രം കഴിയുന്നുണ്ട്?
2. സഭയിലും പുരോഹിതനിലും ജീവിക്കുന്ന മിശിഹായുടെ-ദൈവത്തിന്റെ സാന്നിദ്ധ്യാനുഭവം അടയാളങ്ങളിലൂടെ നല്കി ശുശ്രൂഷ ചെയ്യുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. മിശിഹായോട് ഐക്യവും പ്രതിബദ്ധതയും പുലർത്തിക്കൊണ്ട് വചനപ്രഘോഷണം നടത്താൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. രക്ഷാകരമായ അനുഭവം ഉൾക്കൊള്ളുന്ന ജീവിതസാക്ഷ്യത്തോടെ വചനപ്രഘോഷണം നടത്താൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
5. പ്രാർത്ഥനാജീവിതത്തിലൂടെ അരൂപിയിൽ നവീകരിക്കപ്പെട്ടും ശക്തിപ്രാപിച്ചുമാണോ ഞാൻ എന്റെ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നത്?

# വാർത്തകൾ

## മന്ദോഷ്ണ ജീവിതത്തിൽ തൃപ്തരാകരുത്

പാദുവായിലെ വിശുദ്ധ അന്തോനീസിന്റെ തിരുനാളായ ജൂൺ 13 ബുധനാഴ്ച, പൊതുദർശനവേളയിൽ - മന്ദോഷ്ണമായതുകൊണ്ട് (mediocrity) തൃപ്തിപ്പെടാതെ, "പൂർണ്ണവും അനന്തവുമായ ഒരു ജീവിതം" തേടാൻ - യുവജനങ്ങളെ സവിശേഷമായി ക്ഷണിച്ചു കൊണ്ട്, ഫ്രാൻസീസ് മാർപാപ്പ ഒരു പുതിയ പ്രബോധന പരമ്പര ആരംഭിച്ചു.

"ക്ഷണികമായ കാര്യങ്ങളെ പിന്തുടരുന്നതി"നെതിരെ പരിശുദ്ധ പിതാവ് മുന്നറിയിപ്പ് നൽകി. "നമ്മുടെ ഏറ്റവും മോശമായ ശത്രു പ്രായോഗികപ്രശ്നങ്ങളല്ല," പ്രത്യുത "മന്ദോഷ്ണമായ മനോഭാവമാണ്, ഭീരുത്വമാണ്" എന്ന് അദ്ദേഹം നിരീക്ഷിച്ചു. ഒരു "ആരോഗ്യകരമായ അസ്വസ്ഥത" അത്യാവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. "യൗവ്വനത്തിൽ നിന്ന് പക്വതയിലേക്ക് കടന്നുവരാൻ" അതു നമ്മെ സഹായിക്കുന്നു. "എന്താണ് കുറവുള്ളത്? എന്നതിനെക്കുറിച്ച് അവബോധമുള്ളവരായിത്തീരുമ്പോൾ, നാം മുതിർന്നവരായിത്തീരുന്നു" എന്ന് മാർപാപ്പ നിരീക്ഷിച്ചു. യുവാവിനോട് യേശു പറഞ്ഞു: "നിനക്ക് ഒരു കുറവുണ്ട്. പോയി, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക." എന്നാൽ, ഈ വാക്കുകളിൽ, "ദാരിദ്ര്യത്തിന്റെയല്ല, സമ്പത്തിന്റെ, യഥാർത്ഥ സമ്പന്നതയുടെ, നിർദ്ദേശമാണുള്ളത്" എന്ന് പരിശുദ്ധ പിതാവ് ചൂണ്ടിക്കാട്ടി.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി. ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2018 ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈ

റ്റിയാണു പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ബൈബിൾ കലകളാണ് ഈ വർഷം അവാർഡിനായി പരിഗണിക്കുന്നത്. സംഗീതം, നൃത്തം, പെയിന്റിംഗ്, ശില്പകല എന്നീ മേഖലകളിലുള്ള സംഭാവനകളാണ് അവാർഡിനായി പരിഗണിക്കപ്പെടുന്നത്. വിശുദ്ധഗ്രന്ഥപ്രമേയങ്ങളോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ.

വ്യക്തിയോ സംരംഭമോ പ്രസ്ഥാനമോ 2013 മുതൽ നല്കിയിട്ടുള്ള സംഭാവനകളെക്കുറിച്ചുള്ള വിവരങ്ങൾ ജൂലൈ 31 നു മുമ്പ് ഇവിടെ സമർപ്പിക്കേണ്ടതാണ്. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദ്ദേശിക്കാവുന്നതാണ്. സെക്രട്ടറി, കേരളാ കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, പി.ബി. നമ്പർ 2251, കൊച്ചി - 682 025 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ: 0484 2805897. കൂടുതൽ വിവരങ്ങൾ www.keralabiblesociety.com ൽ ലഭ്യമാണ്.